
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 04 No. 03 THE ONLINE OFFICIAL NEWS BULLETIN 2021 January 16

SEASON OF EPIPHANY | ദനഹാകാലം

SUNDAY	MONDAY	TUESDAY	WEDNESDAY	THURSDAY	FRIDAY	SATURDAY
17	18  	19	20	21 	22	23 
♪4	♪8	♪4	♪8	♪4	♪8	♪4
2nd Sunday after Epiphany	Comme. of St. Samuel, St. Simon and St. Antony the hermit 65th Mem. of Michael Mar Dionysius (Panampady)			12th Mem. of Philipos Mar Eusebius (Pathanamthitta Basil Dayara)		Comme. of Mar Augan



മലങ്കര ഓർത്തഡോക്സ് സഭയുടെ ''ആർദ്രാ'' വിദ്യാഭ്യാസ സ്കോളർ ഷിപ്പ് ദേവലോകം അരമനയിൽ വച്ച് പ. കാതോലിക്കാ ബാവാ വിതരണം ചെയ്തു.



മലങ്കര സഭയോടുള്ള നീതി നിഷേധത്തിനെതിരെ വാഴൂർ സെന്റ് പീറ്റേഴ്സ് ഓർത്തോഡോക്സ് പള്ളിയുടെ നെതൃത്വത്തിൽ പ്രതിഷേധ സമരം. ഡോ മാത്യൂസ് മാർ സേവേറിയോസ് ഉത്ഘാടനം ചെയ്തു.



മലങ്കര ഓർത്തഡോക്സ് സഭയോടുള്ള നീതി നിഷേധത്തിൽ പ്രതിഷേധിച്ച് വാകത്താനം വലിയപള്ളിയിൽ നടന്ന പ്രതിഷേധ സമ്മേളനത്തിൽ ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മുഖ്യ പ്രഭാഷണം നടത്തുന്നു.



ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് കട്ടച്ചിറ പള്ളിയിൽ സന്ദർശനം നടത്തി. കട്ടച്ചിറയിലെ വിശ്വാസികൾക്ക് പ. കാതോലിക്കാ ബാവായുടെ പേരിലും പ. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ പേരിലുമുള്ള പിന്തുണയും ഐക്യദാർഢ്യവും പ്രഖ്യാപിച്ചു.

വിഘടിത വിഭാഗം ധർണ നിയമവ്യവസ്ഥയ്ക്കെതിരെ: ഓർത്തഡോക്സ് സഭ

ആലപ്പുഴ: സഭാതർക്കത്തിൽ സുപ്രിംകോടതി വിധി മറികടക്കാൻ യാക്കോബായ സഭ സർക്കാരിനുമേൽ സമ്മർദം ചെലുത്തുകയാണെന്ന് അലക്സിയോസ് മാർ യൌസേബിയോസ് ആരോപിച്ചു. സെക്രട്ടേറിയറ്റിന് മുൻപിൽ യാക്കോബായ സഭ നടത്തുന്ന ധർണ നിയമവ്യവസ്ഥയോടുള്ള വെല്ലുവിളിയാണ്. നീതിപീഠത്തിൽ നിന്നുള്ള വിധി മറികടക്കാൻ നിയമസഭ ഇടപെടണമെന്നു പറഞ്ഞുള്ള ധർണ ജനാധിപത്യ വിശ്വാസത്തിന് എതിരാണ്. നിയമസഭാംഗങ്ങൾ ധർണ നടത്തുന്നവരെ കണ്ട് അവരുടെ ആവശ്യങ്ങൾ ന്യായമാണെന്നു പറഞ്ഞ് അനുകൂലിക്കുന്ന സാഹചര്യമാണെന്നും അദ്ദേഹം പറഞ്ഞു.

കട്ടച്ചിറ പള്ളിയിലെ ശവസംസ്കാരവുമായി ബന്ധപ്പെട്ട് കലക്ടർ കഴിഞ്ഞ ദിവസം വിളിച്ചു ചേർത്ത യോഗത്തിൽ നിന്ന് ഓർത്തഡോക്സ് സഭ പിൻമാറിയെന്ന ആരോപണം ശരിയല്ല. കട്ടച്ചിറ പള്ളിയുമായി ബന്ധപ്പെട്ട പിഷയത്തിലല്ല യോഗം വിളിച്ചത്. മൃതദേഹ സംസ്കരണവുമായി ബന്ധപ്പെട്ട, സർക്കാർ പുറത്തിറക്കിയ ഓർഡിനൻസിലേക്കുള്ള ശുപാർശ നൽകാനുള്ള യോഗമായിരുന്നു അത്. ഈ യോഗം 3 തവണ മാറ്റിവച്ചിരുന്നു. തുടർന്ന് സഭയുടെ നിലപാട് കലക്ടർക്ക് എഴുതി നൽകിയിട്ടുണ്ട്.


പള്ളിയിൽ ഇപ്പോഴും ആരാധന തടസ്സപ്പെടുത്താനും പ്രദേശത്ത് സംഘർഷമുണ്ടാക്കി ക്രമസമാധാനം തകർക്കാനും ചിലർ ശ്രമിക്കുന്നുവെന്ന് അദ്ദേഹം ആരോപിച്ചു. കട്ടച്ചിറ പള്ളിയിലെ ആരാധന സമയങ്ങളിൽ വിശ്വാസികൾക്ക് എത്താനും സെമിത്തേരിയിൽ പ്രാർഥന നടത്താനും അനുവാദമുണ്ട്. എന്നാൽ, സംഘം ചേർന്ന് ആരാധന അലങ്കോലപ്പെടുത്താൻ അനുവദിക്കില്ലെന്നും ഭദ്രാസന സെക്രട്ടറി ഫാ. ജോൺസ് ഈപ്പൻ, ഫാ. ടിനു, റോണി വർഗീസ് എന്നിവർ പറഞ്ഞു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ആരാധനാ കലണ്ടർ

‘എന്നെ അനുഗമിക്ക; വന്നു കാണ്മീൻ’

ഡോ. ഗീവർഗീസ് മാർ യൂലിയോസ്



ക്രിസ്തുവിനെ അനുഗമിക്കുവാനും അവനിൽ ആയിത്തീരുവാനുമുള്ള വലിയ ആഹ്വാനമാണ് ദനഹായ്ക്കു ശേഷമുള്ള രണ്ടാം ആഴ്ചയിലെയും ധ്യാനചിന്ത!

വി. യോഹന്നാൻ ശ്ലീഹാ ഏറെ ശക്തവും ഒപ്പം ലളിതവുമായ ഭാഷയിൽ ആയത് വർണ്ണിച്ചിരിക്കുന്നു. യോർദ്ദാനിൽ നിന്നും കുരിശിലേക്കുള്ള യാത്രയാണത്. തന്റെ അടുക്കൽ മാനസാന്തര സ്നാനത്തിന് വരുകയും തന്റെ പഠിപ്പിക്കലുകൾ കേൾക്കുകയും അനുസരിക്കുകയും ചെയ്യുന്നവരോട് യോഹന്നാൻ സ്നാപകൻ പറയുന്നു; “നിങ്ങൾ അറിയാത്ത ഒരുത്തൻ നിങ്ങളുടെ ഇടയിൽ നിൽക്കുന്നുണ്ട്. എന്റെ പിന്നാലെ വരുന്നവൻ തന്നേ; അവന്റെ ചെരുപ്പിന്റെ വാറു അഴിപ്പാൻ ഞാൻ യോഗ്യനല്ല.” യോഹന്നാൻ മനുഷ്യനാണെങ്കിൽ നമ്മുടെ ഇടയിൽ നമ്മോടൊപ്പം പാർക്കുന്ന ക്രിസ്തു ദൈവമാണ്. അവനെ നാം തിരിച്ചറിയണം, അവനോട് ചേർന്ന് അവനായി തീരണം. യഥാർത്ഥ ദൈവത്വത്തിലേക്ക് ശിഷ്യരെ എത്തിക്കുകയെന്ന ഗുരുവിന്റെ കർമ്മമാണ് യോഹന്നാൻ ഇവിടെ നിർവഹിക്കുന്നത്.



ദൈവത്തെ കാണിച്ചുകൊടുക്കുന്നതിനു പകരം സ്വയം ദൈവമായി പ്രഖ്യാപിക്കുന്നിടത്താണ് ഒരു ഗുരുവിന്റെ ഗുരുത്വം നഷ്ടപ്പെടുന്നത്; അവൻ ആൾദൈവം എന്ന വീഴ്ചയിലെത്തുന്നത്. എന്നാൽ യോഹന്നാന്റെ വാക്കുകൾ സ്പഷ്ടവും കൃത്യതയുള്ളതുമാണ്. ഞാനല്ല; അവനാണ് ക്രിസ്തു. ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്! തന്നിലേക്ക് നോക്കുന്നവരെ യഥാർത്ഥ ലക്ഷ്യത്തിലേക്ക്, ക്രിസ്തുവിലേക്ക് എത്തിക്കുക എന്ന ഗുരുകർമ്മം യോഹന്നാൻ നിർവഹിക്കുന്നു.

‘മാതാ പിതാ ഗുരു ദൈവം’ എന്ന ഒരു ശ്ലോകം നാം കേൾക്കാറുണ്ടല്ലോ. വിവിധ വ്യാഖ്യാനങ്ങൾ ഈ ശ്ലോകത്തിന് നൽകാറുണ്ട്. മാതാവും പിതാവും ഗുരുവുമാണ് ദൈവം; മറ്റൊരു ദൈവത്തിന്റെ ആവശ്യമില്ല എന്ന് അർത്ഥം നൽകുന്നവരുണ്ട്. ചിലർ പറയും, ദൈവത്തിന്റെ ആദ്യ ദാനം മാതാവാണ്. പിന്നെ പിതാവാണ്, ഒടുവിൽ ഗുരുവാണ് എന്നൊക്കെ. എന്നാൽ ഈ ശ്ലോകത്തിന്റെ യഥാർത്ഥ വ്യാഖ്യാനം ശ്രദ്ധേയമാണ്; ഒരു വ്യക്തി ഉദരം മുതൽ മാതൃഗർഭത്തിൽ വളരുന്നു; പിറന്നു വീണ്ടും ആദ്യ സംസർഗ്ഗം മാതാവിനോടൊത്ത്. മാതാവ് ആ വ്യക്തിയെ ആദ്യം പിതാവിലേക്കും പിന്നെ മാതാപിതാക്കൾ ഒന്നിച്ച് ഗുരുവിലേക്കും ഉപനയിക്കുന്നു. ഗുരുവാകട്ടെ ഞാനല്ല ദൈവമാണ് അടിസ്ഥാനകാരണം എന്ന് അവനെ പഠിപ്പിച്ച് അവനിലെ അന്ധകാരം നീക്കുന്നു. ഗുരു പദത്തിന്റെ അർത്ഥം തന്നെ അജ്ഞത അകറ്റുന്നവൻ എന്നാണല്ലോ. തന്നിലേക്ക് വരുന്ന ശിഷ്യരെ ക്രിസ്തുവിലേക്ക് എത്തിക്കുന്ന വലിയ ദൗത്യമാണ് അഥവാ ക്രിസ്തുവിലേക്കുള്ള ചൂണ്ടുപലക മാത്രമാണ് താനെന്ന് യഥാർത്ഥ ഗുരുവായ യോഹന്നാൻ പറയുന്നത് യോഹന്നാൻ ശ്ലീഹാ ഭംഗിയായി അവതരിപ്പിച്ചിരിക്കുന്നു.

“ഇതാ ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്” എന്ന് പറഞ്ഞുകൊണ്ട് യോഹന്നാൻ മാംദ്രോനോ തന്റെ ശിഷ്യരെ ക്രിസ്തുവിൽ എത്തിക്കുന്നു. തന്നിലേക്ക് വരുന്നവരോട് ക്രിസ്തു ചോദിക്കുന്നു: നിങ്ങൾ എന്ത് അന്വേഷിക്കുന്നു? ഗുരോ, നീ അവിടെ പാർക്കുന്നു എന്ന അവരുടെ ചോദ്യത്തിന് “വന്നു കാണ്മീൻ” എന്നാണ് കർത്താവിന്റെ ഉത്തരം. തുടർന്ന് ആ ശിഷ്യന്മാർ അവനിലും അവൻ ആ ശിഷ്യരിലും വസിക്കുന്ന അനുഭവമാണ് കാണുന്നത്. അവിടം മുതൽ ഞങ്ങൾ മശിഹായെ കണ്ടെത്തിയിരിക്കുന്നുവെന്ന സുവിശേഷം അവർ അറിയിക്കുന്നു.

അന്ത്രയോസിൽ നിന്നും പത്രോസിലേക്കും യോഹന്നാനിൽ നിന്നും മാർക്കോസിലേക്കും ഫിലിപ്പോസിൽ നിന്നും നഥനിയേലിലേക്കുമൊക്കെ ഈ സുവാർത്ത പരക്കുന്നു. സംശയിക്കുന്നവരോടെല്ലാം “വന്നു കാൺക” എന്ന ക്രിസ്തു നൽകിയ ഉത്തരം ശിഷ്യന്മാരും നൽകുന്നു. തങ്ങളെ പൂർണ്ണമായും കാണുകയും അറിയുകയും ചെയ്യുന്ന ദൈവസന്നിധിയിൽ ആണ് തങ്ങൾ എത്തിയിരിക്കുന്നത് എന്ന തിരിച്ചറിവ് ശിഷ്യന്മാരിൽ ഉണ്ടാകുന്നു. സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രന്റെ അടുക്കൽ ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നത് കാണുവാനുള്ള ഭാഗ്യം കർത്താവ് അവർക്ക് നൽകുന്നു!

ശുദ്ധീകരിക്കപ്പെട്ട് വേർതിരിക്കപ്പെട്ടവരുടെ ഒരു കൂട്ടം യെരുശലേമിൽ ഉണ്ടാകുമെന്ന പ്രവചനഭാഗങ്ങളാണ് പഴയനിയമ വായനയായി ഈ ദിവസം കാണുന്നത്. അവർ രക്ഷിക്കപ്പെട്ടവരും രക്ഷയിലേക്ക് ജാതികളെ നയിക്കുവാൻ തെരഞ്ഞെടുക്കപ്പെട്ട് വിളിക്കപ്പെട്ടവരുമായിരിക്കും. ദൈവനീതി ശാശ്വതമായും അവന്റെ രക്ഷ തലമുറതലമുറയായും ഇരിക്കുമെന്നും യെശയ്യാവ് ഓർമ്മിപ്പിക്കുന്നു.

ക്രിസ്തുവിൽ ആരംഭിച്ചിരിക്കുന്ന ഈ പുതുമാനവികതയുടെ പ്രത്യേക ലക്ഷണങ്ങളും സ്വഭാവങ്ങളുമാണ് പൊതുലേഖനത്തിൽ വി. പത്രോസ് ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നത്. ക്രിസ്തുവിനെ നിങ്ങളുടെ ഹൃദയങ്ങളിൽ കർത്താവായി വിശുദ്ധീകരിപ്പിൻ എന്ന് ശ്ലീഹാ ആഹ്വാനം ചെയ്യുന്നു. അവനിലുള്ള വലിയ രക്ഷ ഗണ്യമാക്കാതെ പോകുന്നത് ഏറ്റവും ശിക്ഷാർഹമാണ് എന്ന് എബ്രായ ലേഖനക്കാരനും സമർത്ഥിക്കുന്നു.

ക്രിസ്തുവിൽ ആരംഭിക്കുന്ന പുതുമാനവികതയിലേക്ക് വംശങ്ങളെയും ഗോത്രങ്ങളെയും ക്ഷണിക്കുന്ന ആഹ്വാനമാണ് ഈ ദിവസത്തെ പ്രത്യേക പ്രാർത്ഥനകളുടെയും ഉള്ളടക്കം. “പഴകിയ ആദമിനെ തന്റെ പരിശുദ്ധ സ്നാനത്താൽ പുതുക്കുന്നതിനും അവന്റെ സന്താനങ്ങളെ തന്റെ സ്വർഗ്ഗീയ പിതാവിന് ആത്മീയ മക്കളാക്കുന്നതിനും വേണ്ടി പൂർണ്ണ മാനസിക പ്രായത്തിൽ യോർദ്ദാനിൽ വെളിപ്പെട്ട സ്വർഗ്ഗീയ ദനഹാ (ഉദയം) ആകുന്ന ഏകജാതനായ ദൈവമേ?” എന്ന സംബോധനയിൽ തന്നെ ധ്യാനചിന്ത വ്യക്തമാണ്.

“ഞാൻ വെളിച്ചമാകുന്നു; എന്നിൽ നടക്കുന്നവൻ ഇരുളിൽ നടക്കുകയില്ല” എന്ന് പ്രഖ്യാപിക്കുന്ന കർത്താവ് തന്നിലേക്ക് ചേർക്കപ്പെടുന്നവരും വെളിച്ചമായി തീരും. അവർ ലോകത്തെ പ്രകാശിപ്പിക്കുന്നവരാകും എന്നും പഠിപ്പിക്കുന്നു. വെളിച്ചത്തിന്റെ മക്കളായി ഇരുന്ന് നന്മയിൽ ലോകത്തെ പ്രകാശിപ്പിക്കുന്നവനാണ് ക്രിസ്തുശിഷ്യൻ. അവരുടെ സംഘമാണ് ക്രൈസ്തവസഭ അഥവാ ക്രിസ്തുവിൽ ആരംഭിച്ച പുതിയ വിശ്വമാനവികത എന്ന ഓർമ്മ ഓരോ ക്രിസ്തുശിഷ്യനും ഉണ്ടാകണം.

ക്രിസ്തുവിൽ നിന്നും വെളിച്ചം സ്വീകരിച്ച് ലോകത്തെ പ്രകാശിപ്പിക്കുന്ന ആത്മപ്രഭയുള്ള വ്യക്തിത്വങ്ങളായി ജീവിച്ച പുണ്യാത്മാക്കളുടെ സ്മരണയും സംസർഗ്ഗവും ആ മാർഗ്ഗത്തിൽ നിലകൊള്ളുവാൻ നമ്മെയും സഹായിക്കും. “ക്രിസ്തുവിൽ നിങ്ങളെ വഴിനടത്തിയവരെ ഓർത്തുകൊൾവീൻ; അവരുടെ ജീവാവസാനം വരെ ധ്യാനിച്ച് അവരെ അനുഗമിപ്പീൻ” എന്ന് എബ്രായ ലേഖകൻ ആഹ്വാനം ചെയ്യുന്നത് ഈ അർത്ഥത്തിലാണ്.

അവനെ അനുഗമിക്കുവാനും അവനെ കാണ്മാനും അവനിൽ വസിക്കുവാനും ദൈവം നമ്മെ സഹായിക്കട്ടെ. ❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ഓർത്തഡോക്സ് ആരാധനാവത്സരം

ഫാ. ഡോ. ജോസഫ് ചീരൻ

ആരാധനയുടെ കാലങ്ങൾ
(തുടർച്ച)

അറിയിപ്പുകാലം

ഓരോ കാലത്തെയും ആ കാലത്തിൽ വരുന്ന പ്രത്യേക സംഭവങ്ങൾ ആയ നോമ്പ്, പെരുന്നാളുകൾ എന്നിവയെയും ആ ദിവസങ്ങളിലേക്ക് ക്രമീകരിക്കപ്പെട്ട വായനകളെയും കുറിച്ച് ഇനി പര്യാലോചിക്കാം.

1. അറിയിപ്പു കാലം അഥവാ സുവാർത്താകാലം


കൂദൊശ് ഈത്തോ, ഹൂദൊസ് ഈത്തോ, സ്കറിയായോടുള്ള അറിയിപ്പ്, മറിയാമ്മിനോടുള്ള വചനിപ്പ്, എലിസബേത്തിനെ കാണാൻ മറിയാമിന്റെ യാത്ര, യൂഹാനോൻ മാംദാനയുടെ ജനനം, യൗസേപ്പിന്റെ വെളിപാട്, വംശാവലിയുടെ ഞായർ അഥവാ യൽദായ്ക്കു മുമ്പുള്ള ഞായർ എന്നിങ്ങനെ എട്ട് ഞായറാഴ്ചകൾ അടങ്ങിയതാണ് അറിയിപ്പിന്റെ കാലം (Season of Annunciation). ഒക്ടോബർ 29-ന് ശേഷം വരുന്ന ആദ്യത്തെ ഞായർ ആണ് കൂദൊശ് ഈത്തോ എന്ന് നേരത്തെ സൂചിപ്പിച്ചിരുന്നുവല്ലോ. കൂദൊശ് ഈത്തോ എന്ന സുറിയാനി പദങ്ങൾക്കു സഭയുടെ ശുദ്ധീകരണം എന്നാണ് അർത്ഥം. അറിയിപ്പിന്റെ കാലം എന്ന കാലപശ്ചാത്തലത്തിലാണ് ഇവിടെ വരുന്ന ആഴ്ചകളെയും സംഭവങ്ങളെയും അനുഷ്ഠാനങ്ങളെയും വിലയിരുത്തേണ്ടത്. ദൈവപുത്രനെ സ്വീകരിക്കുവാൻ ഒരുങ്ങുന്ന സഭ ശുദ്ധീകരണപ്പെരുന്നാളിലൂടെ അതിനുള്ള അർഹത നേടുകയാണ്. ശുദ്ധീകരണം കൂടാതെ ആരും ദൈവത്തെ കാണുകയില്ല എന്നുള്ളത് നിത്യമായ ദൈവികപ്രമാണമാണല്ലോ. സീനായ് പർവ്വതത്തിൽ പത്തു കല്പ്പനകൾ സ്വീകരിക്കുവാൻ കയറിപ്പോകുന്ന മോശയ്ക്ക് യഹോവ നൽകിയ പ്രധാന കല്പ്പന ആദ്യമേ ജനമെല്ലാം ശുദ്ധീകരിക്കപ്പെടണം എന്നാണല്ലോ. "യഹോവ പിന്നെയും മോശയോട് കല്പിച്ചത്: നീ ജനത്തിന്റെ അടുക്കൽ ചെന്ന് ഇന്നും നാളെയും അവരെ ശുദ്ധീകരിക്ക. അവർ വസ്ത്രം അലക്കി മൂന്നാം ദിവസത്തേക്ക് ഒരുങ്ങിയിരിക്കട്ടെ. മൂന്നാം ദിവസം യഹോവ സകല ജനവും കാൺകെ സീനായ് പർവ്വതത്തിൽ ഇറങ്ങും. ജനം പർവ്വതത്തിൽ കയറാതെയും അതിന്റെ അടിവാരം തൊടാതെയും ഇരിപ്പാൻ സൂക്ഷിക്കേണം എന്ന് പറഞ്ഞു (പുറപ്പാട് 19:10-11).

മറിയാമ്മിൽ കർത്താവ് ഇറങ്ങി വസിച്ചത് തന്റെ കൃപാതിരേകത്താൽ അവളെ ശുദ്ധീകരിച്ചതിന് ശേഷമാണെന്ന് മാർ സേവേറിയോസിന്റെ മാനീസായിൽ കാണുന്നുണ്ട്. 'തന്റെ കൃപയാൽ മനുഷ്യവർഗ്ഗം മുഴുവന്റെയും ജീവനും രക്ഷയ്ക്കും വേണ്ടി വന്ന് വിശുദ്ധിയും മഹത്വവും വെടിപ്പുമുള്ള ദൈവമാതാവായ മറിയാമ്മിൽ നിന്ന് ദേഹം കൂടാതെ മനുഷ്യനായിത്തീരുകയും...' ദൈവമാതാവിന് വിശുദ്ധിയും മഹത്വവും വെടിപ്പും ലഭിച്ചത് കൃപയാൽ ആണെന്ന് വി. പിതാക്കന്മാർ വ്യാഖ്യാനിക്കുന്നു.

വി. കുർബ്ബാനാനുഭവത്തിൽ ക്രിസ്തുവിന്റെ തിരുശരീരരക്തങ്ങൾ അനുഭവിക്കുന്നതിലൂടെ ക്രിസ്തു നമ്മിൽ ഉൾപ്രവേശിക്കുന്നതിനു മുമ്പ് വി. കുമ്പസാരത്തിലൂടെ ശുദ്ധീകരണം പ്രാപിക്കണമെന്ന് സഭ കല്പിക്കുന്നത് ഈ പശ്ചാത്തലത്തിൽ വേണം മനസ്സിലാക്കുവാൻ. വിശുദ്ധിയുള്ളവർക്കും വെടിപ്പുള്ളവർക്കും ഈ വിശുദ്ധതകൾ നൽകപ്പെടുന്നു എന്ന വി. കുർബ്ബാനയിലെ പ്രഖ്യാപനം ഇവിടെ ഓർക്കാവുന്നതാണ്.

കൂദൊശ് ഈത്തോ ഞായറാഴ്ചയ്ക്ക് സഭ ക്രമീകരിച്ച വേദഭാഗങ്ങൾ ഈ ആശയത്തിന് അടിവരയിടുന്നുണ്ട്. താഴെ പറയുന്നവയാണ് കൂദൊശ് ഈത്തോ ഞായറാഴ്ചയുടെ വായനകൾ.

സന്ധ്യയുടെ പെസ്ഗോമോ സങ്കീ. 78:69. 'താൻ സദാ കാലത്തേക്കും സ്ഥാപിച്ചിരിക്കുന്ന ഭൂമിയെപ്പോലെയും സ്വർഗ്ഗശക്തികളെപ്പോലെയും അവൻ



തന്റെ വിശുദ്ധ മന്ദിരം പണിതു.'

സന്ധ്യ. വി. മർക്കോസ് 8:27-33; വി. യോഹ. 21:15-22.

പ്രഭാതം പുറപ്പാട് 33:7-11; 40:17-38.
ഏശായാ 6:1-8
1 പത്രോസ് 2:1-12;
1 കൊരി. 3:16-17; 6:15-20.
വി. മത്തായി 16:13-23.

പ്രഭാതം പെസ്ഗോമോ 48:8-9. നാം കേട്ടതുപോലെ തന്നെ സൈന്യങ്ങളുടെ യഹോവയുടെ നഗരത്തിൽ, നമ്മുടെ ദൈവത്തിന്റെ നഗരത്തിൽ കണ്ടിരിക്കുന്നു. ദൈവം അതിനെ സദാകാലത്തേക്കും സ്ഥിരമാക്കുന്നു. ദൈവമേ നിന്റെ മന്ദിരത്തിന്റെ മദ്ധ്യേ ഞങ്ങൾ നിന്റെ ദയയെക്കുറിച്ച് കീർത്തിക്കുന്നു. ദൈവത്തിന്റ മന്ദിരം എന്ന കേന്ദ്രആശയം പിതാക്കന്മാർ എടുത്തു കാണിക്കുന്നു.

പുറപ്പാട് പുസ്തകത്തിൽ നിന്നു നടത്തുന്ന രണ്ടു വായനകൾ പരസ്പരപൂരകമായി ബന്ധപ്പെട്ടിരിക്കുന്നു. ആദ്യത്തേതിൽ ജനങ്ങളുടെ പ്രതിനിധിയായ മോശയും യഹോവയും പരസ്പരം അഭിമുഖീകരിക്കുന്നതിന് ഒരു സമാഗമന കൂടാരം യഹോവയുടെ കല്പനയനുസരിച്ച് സജ്ജമാക്കുന്നു. അതിൽ മോശ മാത്രമേ പ്രവേശിക്കാവൂ. ഇവിടെവച്ച് ദൈവം മോശയോട് സംസാരിക്കുന്നു; മോശ ദൈവത്തോടും. പുറപ്പാട് പുസ്തകത്തിലെ രണ്ടാം വായനയിൽ സമാഗമന കൂടാരത്തിലെ ഉപകരണങ്ങളായി സാക്ഷ്യത്തിന്റെ പെട്ടകം; വിളക്ക് മുതലായവ സ്ഥാപിക്കുന്നു. അഹരോന്റെ പുത്രന്മാരെ പുരോഹിതവസ്ത്രങ്ങൾ അണിയിക്കുന്നു; അഭിഷേകം ചെയ്യുന്നു. പുരോഹിതകർമ്മങ്ങൾക്ക് ചുമതലപ്പെടുത്തുന്നു. അങ്ങനെ ശുദ്ധീകരണസ്ഥലമായി; ശുദ്ധീകരണ കർമ്മങ്ങളായി, കാർമ്മികരായി പുരോഹിതന്മാരും നിയമിതരായി. യാഗപീഠവും സ്ഥാപിതമായി.

ഏശായ പ്രവാചകന്റെ വായന പ്രവാചകന്റെ ദർശനമാണ്. ആറാറ് ചിറകുകളുള്ള സ്രാപ്പികൾ രണ്ടു കൊണ്ട് മുഖം മൂടി രണ്ടു കൊണ്ട് പാദം മൂടിയാണ് യഹോവയുടെ സിംഹാസനത്തിന്റെ മുമ്പിൽ 'കർത്താവ് പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ' എന്ന ത്രൈശുദ്ധ കീർത്തനം പാടുന്നു. യാഗപീഠത്തിൽ ജ്വലിക്കുന്ന തീക്കനൽ ഉണ്ട്. സ്രാപ്പികളിൽ ഒരുവൻ കൊടിൽകൊണ്ട് യാഗപീഠത്തിൽനിന്ന് ഒരു തീക്കനൽ എടുത്ത് പ്രവാചകന്റെ വായിൽ

സ്പർശിച്ച് അവനെ ശുദ്ധീകരിക്കുന്നു. പുറപ്പാട് പുസ്തകത്തിൽ നാം കണ്ട കൂടാരത്തിൽ യാഗപീഠം പ്രവർത്തനക്ഷമമായിരിക്കുന്നു; വി. കുർബ്ബാനയുടെ വ്യക്തമായ സൂചന.

പത്രോസിന്റെ ലേഖനത്തിൽ വിശുദ്ധസഭയെ രാജകീയ പുരോഹിത ഗണവും വിശുദ്ധജനവും തെരഞ്ഞെടുക്കപ്പെട്ട വംശവും ആയി പ്രഖ്യാപിക്കുന്നു. യിസ്രായേൽ സഭയിൽ ഈ അവകാശം ലേവി ഗോത്രത്തിന് മാത്രമായി സംവരണം ചെയ്യപ്പെട്ടിരുന്നു. എന്നാൽ ക്രിസ്തുസഭയിൽ വി. മാമോദീസാ ഏറ്റ എല്ലാവരും ഈ വിശേഷണത്തിന് അർഹരാകുന്നു. ഈ വിശേഷണങ്ങൾ എല്ലാം ഉണ്ടെങ്കിലും ലേവിഗോത്രത്തിലെ അംഗങ്ങൾക്ക് പുരോഹിതശുശ്രൂഷ അനുഷ്ഠിക്കുവാൻ അനുവാദമില്ലായിരുന്നു. അത് അഹരോന്റെ പിന്തുടർച്ചക്കാർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരുന്നതുപോലെ ക്രിസ്തുസഭയിലെ ഏവർക്കും ഈ വിശേഷണങ്ങൾ ഉണ്ടെങ്കിലും പുരോഹിതശുശ്രൂഷയ്ക്ക് നിയമിക്കപ്പെടുന്ന പ്രത്യേകം സ്ഥാനികൾ ഉണ്ടെന്ന് ഓർക്കുക. വി. പൗലൂസ് ശ്ലീഹായുടെ കൊരിന്ത്യലേഖനം സഭ ദൈവത്തിന്റെ മന്ദിരമാകുന്നു എന്നും വ്യക്തികൾ ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങൾ ആകുന്നു എന്നും തന്മൂലം അത് വിശുദ്ധിയിൽ കാത്തുസംരക്ഷിക്കപ്പെടണമെന്നും ഉദ്ബോധിപ്പിക്കുന്നു. ക്രിസ്തു ശിരസ്സ്, സഭ ശരീരം - അതാണ് ക്രിസ്തുവുമായി സഭയ്ക്കുള്ള ബന്ധം. ഈ ബന്ധത്തിൽ വി. സഭ സ്ഥാപിതമാകുന്നതിനെപ്പറ്റിയാണ് കൂദോശ് ഈത്തോയുടെ ഏവൻഗേലിയോൻ നമ്മെ പ്രബോധിപ്പിക്കുന്നത്. 'നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആകുന്നു' എന്ന് ശ്ലൈഹിക സംഘത്തെ പ്രതിനിധാനം ചെയ്തുകൊണ്ട് പത്രോസ് നൽകിയ ക്രിസ്തുനിർവചനം ആണ് സഭയുടെ അടിസ്ഥാനം. 'വിശ്വാസമാകുന്ന പാറമേൽ സ്ഥാപിതമായ സഭ' എന്ന് ഈ നിർവചനത്തെ മൂല തക്സാകാരൻ വി. യാക്കോബ് ശ്ലീഹാ വ്യാഖ്യാനിച്ചിരിക്കുന്നു.

'ശീമോൻ ചൊന്നൊരു വിശ്വാസപ്പാറയിൽ യേശു സഭ പണിതാൽ' എന്ന് പള്ളിക്കൂദാശയുടെ ഒന്നാം ക്രമത്തിൽ സഭ പാടുന്നു. കൂദോശ് ഈത്തോയുടെ ആരാധനയിൽ പങ്കെടുക്കുന്നവരെ വിശ്വാസസ്ഥിരതയിൽ നിലനിർത്തി ക്രിസ്തുശരീരത്തിൽ അംഗമായ അവന്റെ വിശുദ്ധിയെപ്പറ്റി ബോധ്യം വരുത്തി വിശുദ്ധിയിൽ ഒരിക്കൽക്കൂടെ ജീവിതം പുനരാരംഭിക്കുവാൻ അറിയിപ്പുകാലത്തിലെ പ്രഥമ ഞായറാഴ്ച സഭ വിശ്വാസിയെ പര്യാപ്തനാക്കുന്നു; വിളിച്ചു വേർതിരിക്കപ്പെട്ട ഒരു സമൂഹത്തിലെ - പുതിയ യിസ്രായേലിലെ - പുരോഹിത-രാജകീയ വംശത്തിലെ സ്വന്തക്കാരനാണ് താൻ എന്ന സംശയാതീതമായ ബോധ്യം ആരാധനാവർഷത്തിന്റെ ആദ്യ ഞായറിൽ അവന്റെ ബോധ-ഉപബോധ മനസ്സുകളിൽ ആവർത്തിച്ച് രൂഢമൂലമാവുന്നു.

b. ഹൂദൊസ് ഈത്തോ ഞായർ

സഭയുടെ പുതുക്കം, പ്രതിഷ്ഠ എന്നൊക്കെ ആ പദത്തിന് അർത്ഥവ്യാപ്തിയുണ്ട്. ദേവാലയ സങ്കല്പത്തിന്റെ ആദിരൂപമായ കൂടാരത്തിന്റെ ഉപകരണങ്ങൾക്ക് വ്യക്തതയും സ്ഥാനനിർണ്ണയവും പ്രതിഷ്ഠയും നൽകി അവയുടെ പുതുക്കവും സ്ഥിരീകരണവും നമ്മെ അനുസ്മരിപ്പിക്കുന്ന ദിവസമാണിത്. 'ഒരർത്ഥത്തിൽ സ്ഥിരീകരണ കൂദാശയായ വി. മൂറോനഭിഷേകം വി. മാമ്മൂദീസായുടെ അനുബന്ധ കൂദാശയാകുന്നതുപോലെ ഹൂദൊസ് ഈത്തോ കൂദോശ് ഈത്തോയുടെ അനുബന്ധ ദിനമാണെന്ന് പറയാം. വിവാഹം, കുർബ്ബാന, തൈലം കൂദാശ, മൂറോൻ കൂദാശ, പള്ളിക്കൂദാശ, പട്ടംകൊട എന്നീ ദിവ്യശുശ്രൂഷകൾക്ക് രണ്ടു ഭാഗങ്ങൾ ഉണ്ടെന്ന് നമുക്ക് ഓർക്കാം. ത്രോണോസും തബിലൈത്തായും ശുദ്ധീകരിക്കുന്നത് മൂന്നു ഘട്ടങ്ങളിലാണ്. ആദ്യഘട്ടത്തിൽ മൂന്ന് ശുശ്രൂഷകൾ നടത്തി തൈലം കൂടാതെ പിതാവിന്റെയും പുത്രന്റെയും വി. റൂഹായുടെയും സ്മരണയിൽ ആ നാമങ്ങൾ പറയാതെ മൂന്ന് റൂശ്മാകൾ ത്രോണോസിന്റെ വടക്കും മദ്ധ്യത്തിലും തെക്കുഭാഗത്തും വരച്ച് ധൂപാർപ്പണം നടത്തുന്നു. രണ്ടാംഘട്ടത്തിൽ വി. മൂറോൻ ഉപയോഗിച്ച് പ്രത്യേക വാക്യങ്ങൾചൊല്ലി നേരത്തെ വരച്ചിടത്ത് റൂശ്മാ ചെയ്യുന്നു. മൂന്നാംഘട്ടത്തിൽ അതേ സ്ഥാനത്ത് ത്രിത്വനാമം ചൊല്ലി റൂശ്മാ വരയ്ക്കുന്നു. ഇങ്ങനെയാണ് ശുദ്ധീകരണം പൂർണ്ണമാകുന്നത്. തൽസദൃശമായി മറ്റു പല കൂദാശകളിലും ശുശ്രൂഷകളിലും രണ്ടു ഘട്ടങ്ങളായി ശുശ്രൂഷകൾ പൂർത്തീകരിക്കപ്പെടുന്നു. കൂദോശ് ഈത്തോ - ഹൂദൊസ് ഈത്തോ ഞായറാഴ്ചകൾക്ക് ഈ ഒരു ബന്ധം സംഗതമാണെന്ന് തോന്നുന്നു. ഹൂദൊസ് ഈത്തോ ഞായറാഴ്ചയുടെ വായനകൾ ഇവയാണ്.

സന്ധ്യ പെസ്ഗോമോ സങ്കീ. 71:2. നിന്റെ നീതി നിമിത്തം എന്നെ ഉദ്ധരിച്ചു കൊള്ളേണമേ. നിന്റെ ചെവി എങ്കലേക്ക് ചായിച്ച് എന്നെ രക്ഷിക്കേണമേ. രക്ഷിപ്പാൻ വരുന്ന ദൈവം എന്ന് കേന്ദ്ര ആശയം.

വിശുദ്ധ വേദപുസ്തകം നൽകുന്ന അറിവുകൾ അടിസ്ഥാനമാക്കി സൃഷ്ടിയുടെ ആരംഭം മുതൽ കർത്താവിന്റെ രണ്ടാമത്തെ വരവിൽ അനാവരണം ചെയ്യപ്പെടുന്ന നിത്യതയുടെ സ്വർഗ്ഗീയാനുഭവം വരെയുള്ള സംഗതികളെ യേശുക്രിസ്തുവിന്റെ വരവിനു മുമ്പുള്ള ചരിത്രസംഭവങ്ങളെയും ക്രിസ്തുവിന്റെ ജീവിതത്തെയും അദ്ദേഹത്തിന്റെ വചനങ്ങളേയും തന്റെ മനുഷ്യാവതാരത്തിന്റെ അനുബന്ധമായ വി. സഭയുടെ ചരിത്രത്തെയും ആധാരമാക്കി ഒരു വർഷത്തിൽ ക്രമീകൃതമായി അടുക്കി ആവിഷ്ക്കരിക്കുവാനുള്ള ശ്രമമാണ് ഓർത്തഡോക്സ് സഭയുടെ ആരാധനാ കലണ്ടർ നടത്തുന്നത്.

സന്ധ്യ വി. ലൂക്കോസ് 19:17-20:8.
പ്രഭാതം വി. മർക്കോസ് 12:41-44.
പുറ. 33:7-11; 1 രാജാ. 8:22-40; ഏശായാ 55:1-13.
അപ്പോ. പ്രവൃത്തി 7:44-53; എബ്രായർ 9:1-14.
വി. യോഹന്നാൻ 10:22-38.

പ്രഭാതം പെസ്ഗോമോ: സങ്കീ. 84:1-2. സൈന്യങ്ങളുടെ യഹോവേ തിരുനിവാസം എത്ര മനോഹരം! എന്റെ ഉള്ളം യഹോവയുടെ പ്രാകാരങ്ങളെ വാഞ്ഛിച്ചു മോഹിച്ചു പോകുന്നു. എന്റെ ഹൃദയവും എന്റെ മാംസവും ജീവനുള്ള ദൈവത്തെ നോക്കി ഘോഷിക്കുന്നു. ദേവാലയസംസർഗ്ഗം കാംക്ഷിക്കുന്ന ആത്മാവിന്റെ ദാഹം കേന്ദ്ര ആശയം.

മനുഷ്യവർഗ്ഗ പരിത്രാണനത്തിന് യാഗമായിത്തീരുവാൻ മഹിമകൾ വെടിഞ്ഞ് സ്വർഗ്ഗം ചായിച്ചിറങ്ങിയ ഊനമില്ലാത്ത കുഞ്ഞാടിന്റെ അവതാരവൃത്താന്തത്തിന് പശ്ചാത്തലമാവാൻ സർവഥാ യോഗ്യമാണ് യാഗപീഠം സ്ഥിതിചെയ്യുന്ന സമാഗമനകൂടാരത്തിന്റെ സ്ഥാപനവും സജ്ജീകരണവും. പിൽക്കാലത്ത് സ്വന്തമായി സാമ്രാജ്യം സ്ഥിരപ്പെട്ടപ്പോൾ സ്ഥിരമായ ഒരു ദേവാലയത്തെപ്പറ്റി ദാവീദ് ചിന്തിച്ചു. എങ്കിലും അത് പ്രാവർത്തികമായത് മകൻ ശലോമോന്റെ ഭരണകാലത്താണ്. ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ യഹോവയുടെ മഹത്വത്തിനും തന്റെ പ്രതാപത്തിനും ഇണങ്ങുന്ന ബൃഹത്തായ ഒരു ദേവാലയം പണിത് അതിനെ പ്രതിഷ്ഠിച്ചുകൊണ്ട് നടത്തുന്ന പ്രാർത്ഥനയാണ് ഹൂദൊസ് ഈത്തോയുടെ പ്രധാന പ്രമേയം. ഇന്നും നമ്മുടെ ദേവാലയങ്ങൾ കൂദാശ ചെയ്താൽ പ്രതിഷ്ഠയ്ക്കു ശേഷം ഈ ഭാഗം മേൽപ്പട്ടക്കാരനോ ഒരു പട്ടക്കാരനോ വായിക്കേണ്ടതുണ്ട്. സമാഗമനകൂടാരത്തിന്റെ സ്ഥാപകനും പ്രതിഷ്ഠാപകനും ദീർഘദർശിമാരിൽ തലവൻ ആയ മോശ ആയിരുന്നുവെങ്കിൽ സ്ഥിരമായ ദേവാലയത്തിന്റെ സ്ഥാപകനും പ്രതിഷ്ഠാപകനും ശലോമോൻ ആയിരുന്നു. ആദ്യത്തെ ആൾ ലേവി ഗോത്രക്കാരൻ, രണ്ടാമത്തെ ആൾ യഹൂദാ ഗോത്രക്കാരൻ. യഹൂദ ഗോത്രത്തിൽ പിറന്ന യേശുവിലേക്ക് ഇത് വിരൽ ചൂണ്ടുന്നുണ്ടോ? സമൃദ്ധിയായ ജീവൻ ഞാൻ നൽകുമെന്ന് ഏശായായുടെ പ്രവചനം നൽകുന്ന ഉറപ്പ് പ്രാവർത്തികമാക്കുവാൻ ദേവാലയത്തെ സങ്കേതനിവൃത്തിക്കായി അനുതാപപൂർണ്ണമായ ഹൃദയത്തോടെ സമീപിക്കണം എന്നാണല്ലോ ശലോമോന്റെ പ്രാർത്ഥനയിലെ പ്രബോധനം? മോശയുടെ കാലത്തെ സമാഗമനകൂടാര നിർമ്മിതി മുതൽ ശലോമോൻ പണിത ദേവാലയം വരെ പ്രവൃത്തികളുടെ പുസ്തകത്തിൽ അനുസ്മരിക്കപ്പെടുന്നു. ഒപ്പം കൈപ്പണി ആയതിൽ ദൈവം വസിക്കുന്നില്ല എന്ന പ്രഖ്യാപനത്തിലൂടെ കൈപ്പണിയായ എല്ലാ ദൈവാലയവും കൈപ്പണിയല്ലാത്ത മനുഷ്യനെ ദൈവത്തിന്റെ മന്ദിരമാക്കാനുള്ള ഉപായങ്ങളാണെന്ന് ധ്വനിപ്പിക്കുന്നു. മനുഷ്യവീഴ്ച മുതൽ അവന് നഷ്ടപ്പെട്ട ദൈവസംസർഗ്ഗത്തിലേക്ക് അവനെ പുനരാനയിക്കാനുള്ള രക്ഷാപദ്ധതിയുടെ വേദിയാണ് ദേവാലയം എന്ന വിശദീകരണം അറിയിപ്പുകാലത്തിന്റെ പശ്ചാത്തലത്തിൽ ധ്യാനിക്കുവാൻ അനുയോജ്യമായ ചിന്ത തന്നെ.

യെരുശലേം ദേവാലയം പിടിച്ചെടുത്ത വിജാതീയർ വിശുദ്ധ മന്ദിരത്തിൽ മ്ലേച്ഛമൃഗങ്ങളെ അറുത്ത് മലിനമാക്കിയതിനുശേഷം മക്കാബി വീരന്മാരുടെ നേതൃത്വത്തിൽ അത് വീണ്ടെടുത്ത് ശുദ്ധീകരിച്ച് ശുദ്ധീകരണവും പുനഃപ്രതിഷ്ഠയും നടത്തി. ആണ്ടുതോറും ഈ പ്രതിഷ്ഠോത്സവം യഹൂദന്മാർ ദേവാലയത്തിൽ ആഘോഷിച്ചു വന്നു. അപ്രകാരമുള്ള ഒരു പ്രതിഷ്ഠോത്സവത്തിൽ കർത്താവ് പങ്കെടുക്കുന്നതും ദേവാലയത്തെ മാത്രമല്ല പ്രപഞ്ചത്തെ മുഴുവൻ തന്റെ യാഗം കൊണ്ട് ശുദ്ധീകരിച്ച് അതിനെ കറയില്ലാത്ത പ്രപഞ്ചമായി പിതാവിന് സമർപ്പിക്കാനുള്ള പദ്ധതിയെപ്പറ്റി കർത്താവ് വ്യംഗ്യമധുരമായി സംസാ

രിക്കുന്നതും മുൻ പ്രവാചകന്മാരോടെന്നപോലെ ക്രിസ്തുവിനോടും കല്ലെറിഞ്ഞു കൊല്ലുവാനുള്ള രംഗം സൃഷ്ടിക്കുന്നതും വി. യോഹന്നാൻ വിവരിക്കുന്നു. കൂടാരസ്ഥാപനം മുതൽ കർത്താവിന്റെ കാലംവരെ ദിവ്യസന്ദേശവുമായി വന്ന പ്രവാചകന്മാരോട് യിസ്രായേലിന്റെ ഔദ്യോഗിക അദ്ധ്യക്ഷന്മാർ ചെയ്ത ഹീനമായ കൊലപാതക പരമ്പരകളെ ഓർമ്മിപ്പിക്കുന്നതിലൂടെ ആ പ്രവാചക പരമ്പരയിലെ കണ്ണിയാവാൻ തന്നെയാണ് താൻ വന്നിരിക്കുന്നതെന്ന ചിന്ത സഭയെ പശ്ചാത്താപത്തിലേക്ക് നയിക്കാതിരിക്കുകയില്ല. വിതയ്ക്കുന്നതിന് മുമ്പ് നിലം ഒരുക്കേണ്ടതുണ്ടല്ലോ. കർത്താവിന്റെ ആഗമനത്തിന്റെ മുമ്പായി മനുഷ്യഹൃദയങ്ങളിൽ ഒരു ഉഴുതുമറിച്ചിൽ അനിവാര്യമാകയാൽ അറിയിപ്പുകാലത്തിന് ഈ ചിന്തകൾ എത്രയും അനുയോജ്യമായിരിക്കുന്നു.

എബ്രായലേഖനത്തിലും കൂടാരസ്ഥാപനത്തെയും അതിലെ ഉപകരണങ്ങളെയും പരാമർശിക്കുന്നു. മോശയുടെ കാലം മുതൽ മനുഷ്യനെ നീതീകരിക്കുവാൻ സമാഗമനകൂടാരത്തിലും ദേവാലയത്തിലും നടന്ന വിവിധ ബലികളെക്കുറിച്ച് പ്രസ്താവിക്കുന്ന ലേഖനം ക്രിസ്തുവിന്റെ യാഗരക്തത്തിന്റെ അനന്യതയെ ഉദ്ഘോഷിക്കുന്നു. യാഗമൃഗമാവാനുള്ള ക്രിസ്തുവിന്റെ മനുഷ്യാവതാരം എന്ന ആശയം കാലത്തോട് ചേർത്തു ധ്യാനിക്കുമ്പോൾ അർത്ഥപുഷ്ടി വർദ്ധിക്കുന്നു.

ബി.സി. 15-ാം നൂറ്റാണ്ടു മുതൽ ഏഴാം നൂറ്റാണ്ടു വരെയുള്ള എട്ടു നൂറ്റാണ്ടിന്റെ ദേവാലയ ചരിത്രവും യാഗചരിത്രവും കൂദൊശ് ഈത്തോ ഞായറാഴ്ച ധ്യാനവിഷയമാക്കുമ്പോൾ ബി.സി. ഏഴാം നൂറ്റാണ്ടു മുതൽ ഒന്നാം നൂറ്റാണ്ടു വരെയുള്ള ദേവാലയ-യാഗ വൃത്താന്തങ്ങൾ ഹൂദൊശ് ഈത്തോ ഞായർ ധ്യാനവിഷയമാക്കുന്നു. ചരിത്രത്തിലെ യിസ്രായേൽ ജനതയുടെ ആദ്ധ്യാത്മിക ജീവിതത്തിന്റെ പതിനഞ്ചു നൂറ്റാണ്ടുകൾ ക്രിസ്തുവിന്റെ ആഗമനകാലത്തിന്റെ പശ്ചാത്തലമായി രണ്ടാഴ്ചകളിലൂടെ സഭ അർത്ഥപൂർണ്ണമായി പിന്നിടുന്നു. പഴയനിയമചരിത്രത്തിൽ നിന്ന് ക്രിസ്തുവിന്റെ ആഗമനത്തിലേയ്ക്ക് ചാരി വച്ച ഗോവണിയായി ഈ ആഴ്ചകളും അവയിലെ വായനകളും ഫലപ്രദമായി പ്രയോജനപ്പെടുന്നതുകൊണ്ടാണ് അവയെ അറിയിപ്പു കാലത്തിന്റെ ആമുഖവും ഭാഗവുമായി ഈ ഒന്നാം കാലത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആദാമിന്റെ കാലം മുതൽ യാഗാർപ്പണവും പൗരോഹിത്യവും ഉണ്ടായിരുന്നു. പക്ഷേ അതിന്റെ അവിച്ഛിന്നമായ ചരിത്രം ലഭ്യമല്ല. അതുകൊണ്ടാവാം മോശ മുതലുള്ള ചരിത്രപരതയെ വായനക്കുറിപ്പ് അവലംബമാക്കിയിരിക്കുന്നത്. യിസ്രായേൽ വ്യവസ്ഥാപിതമാകുന്നത് മോശയുടെ നേതൃത്വത്തിലാണല്ലോ.

കൂദൊശ് ഈത്തോ, ഹൂദൊസ് ഈത്തോ എന്നീ ആഴ്ചകളിൽ പള്ളിക്കൂദാശയുടെയും പ്രതിഷ്ഠയുടെയും എഡിറ്റ് ചെയ്ത ചെറിയ ക്രമങ്ങൾ വി. കുർബാനയ്ക്ക് മുമ്പായി എല്ലാ പള്ളികളിലും നടത്തുന്നത് 'കാലോചിത'വും സന്ദർഭോചിതവും ആയിരിക്കും. പള്ളിക്കൂദാശ മാത്രമല്ല തങ്ങൾ കുഞ്ഞുന്നാളിൽ സ്വീകരിച്ച മാമ്മൂദീസായെയും പുനർസ്മരിക്കുവാൻ ഈ അനുഷ്ഠാനം സഹായിക്കും.

c. സ്കറിയായോടുള്ള അറിയിപ്പിന്റെ ഞായർ

മശിഹാ ആഗതനാകും മുമ്പ് ഏലിയാ പ്രത്യക്ഷനാകും എന്ന് യഹൂദർ വിശ്വസിച്ചിരുന്നു. യോഹന്നാൻ സ്നാപകനിൽ ഏലിയാവിനെ കാണാം എന്ന് ക്രിസ്തു വ്യക്തമാക്കുന്നു. പഴയനിയമത്തെയും പുതിയനിയമത്തെയും ബന്ധിപ്പിക്കുന്ന പാലമാണ് യോഹന്നാൻ സ്നാപകൻ എന്ന് പറയാം. അഹറോന്റെ ക്രമപ്രകാരം പൗരോഹിത്യശുശ്രൂഷ ചെയ്ത സഖറിയാ പുരോഹിതന്റെ മകൻ ആയിരുന്ന യോഹന്നാന് ജന്മായത്തമായി ലഭിച്ചതാണ് അഹറോന്റെ സന്തതി പരമ്പരകൾക്ക് വാഗ്ദത്തം ചെയ്യപ്പെട്ട പഴയനിയമ പൗരോഹിത്യം. ക്രിസ്തുവിന്റെ ശിരസ്സിൽ കരമർപ്പിച്ച് പഴയനിയമ പൗരോഹിത്യം ഗോത്രപരിധിയില്ലാത്ത പൗരോഹിത്യശൃംഖലയ്ക്ക് വഴിമാറുന്നു. പുരോഹിതന്മാരെ സഭ ഓർക്കുന്ന ശനിയാഴ്ച പ്രഭാത പ്രാർത്ഥനയിൽ പൗരോഹിത്യം യോഹന്നാൻ കർത്താവിനും കർത്താവ് നാനാസൃഷ്ടിവിഭാഗങ്ങൾക്കും നൽകിയതായി പിതാക്കന്മാർ ഉപദർശിച്ചിട്ടുണ്ട്. പഴയനിയമത്തിന്റെ പരിപൂർണ്ണതയാണല്ലോ ക്രിസ്തീയ പൗരോഹിത്യം. അതിന് സ്വർഗ്ഗീയ മുഖവും ഭൗമികമുഖവും ഉണ്ട്. ഭൗമികമുഖമാണ് യോഹന്നാനിൽ നിന്ന് ലഭിച്ച പാരമ്പര്യം സൂചിപ്പിക്കുന്നത്. കർത്താവിന്റെ - മശിഹായുടെ പ്രത്യക്ഷതയ്ക്ക് മുന്നോടിയായി ഏലിയാ പ്രത്യക്ഷനാകും എന്ന വാഗ്ദത്തം നിറവേറൽ ആഗമനകാലത്തിന്റെ അനിവാര്യമായ ഭാഗമാണല്ലോ. ചരിത്രത്തെ ബി.സി. എന്നും എ.ഡി. എന്നും വിഭജിച്ചുകൊണ്ട് ക്രിസ്തു ചരിത്രത്തിൽ പ്രത്യക്ഷപ്പെടുന്നതിന്റെ ഉദയശോഭ ഈ 'അറിയിപ്പി'ൽ കാണാം. ദീർഘകാലത്തെ - യുഗങ്ങളുടെ കാത്തിരിപ്പിനും പ്രാർത്ഥനയ്ക്കും മറുപടി ലഭിക്കുന്നു. നീതിയോടെ ജീവിച്ച സ്കറിയാ - ഏലിശ്ബാ ദമ്പതിമാർക്ക് അപ്രതീക്ഷിതവും അവിശ്വസനീയവും ആയ പുത്രോല്പാദന വാർത്ത ധൂപപീഠത്തിന്റെ വലഭാഗത്ത് പ്രത്യക്ഷപ്പെട്ട ദൈവപുരുഷൻ - ഗബ്രിയേൽ - അറിയിക്കുന്നു. ഒരേ സമയം അതൊരു കുടുംബകഥയും ജനതയുടെ കഥയും ആണ്. ഭൂതകാലത്ത് വ്യക്തിയുടെയും സമൂഹത്തിന്റെയും കാത്തിരിപ്പുകളെ സഫലമാക്കിയ ദൈവം വർത്തമാനകാലത്തെ പുനരാഗമനപ്രതീക്ഷയും സഫലമാക്കും എന്ന് ധ്വനിപ്പിക്കുന്നു.

അസംഭവ്യതകളെ സംഭവ്യതകളാക്കി മാറ്റുന്ന ദൈവം വന്ധ്യയായ ഏലിശ്ബായുടെ ഗർഭപാത്രത്തിൽ സ്കറിയായ്ക്ക് നൽകിയ വാഗ്ദത്തപ്രകാരം ഒരു ആൺകുഞ്ഞിനെ നൽകുന്നു. വൃക്ഷത്തിൽനിന്ന് കുഞ്ഞാടിനേയും തീക്കൽപാറയിൽനിന്ന് ജലവും പുറപ്പെടുവിച്ച ദൈവകൃപയെപ്പറ്റി ജനങ്ങൾക്ക് വിശ്വാസം വരുമാറ് പ്രസംഗിപ്പാൻ ബാദ്ധ്യസ്ഥനായ ആ പുരോഹിതൻ സ്വന്തം ജീവിതത്തിൽ അവിശ്വസനീയമായ അനുഭവം പ്രഖ്യാപിക്കപ്പെട്ടപ്പോൾ അത് വിശ്വസിക്കുവാനോ മനസ്സിലാക്കാൻ പോലുമോ ആവാതെ ചഞ്ചലചിത്തനായി; മൗനിയായിരിക്കുമെന്ന ശിക്ഷയും ലഭിച്ചു. പുത്രോല്പ്പാദനത്തെപ്പറ്റിയുള്ള അറിയിപ്പിന്റെ പൂർവ്വകഥകൾ യിസ്രായേൽ ചരിത്രത്തിൽ ആദ്യമായിരുന്നില്ല. ആ ഭൂതകാലത്തെ അനുസ്മരിപ്പിക്കുന്നവയാണ് ഇന്നത്തെ വായനകൾ.

വായനകൾ

സന്ധ്യ വി. മത്തായി 19:3-12, പ്രഭാതം വി. ലൂക്കോസ് 10:38-42.

ദൈവരാജ്യത്തിന് വഴിയൊരുക്കുവാൻ സ്വന്തം ജീവിതത്തെ യാഗമായി അർപ്പിച്ച യോഹന്നാനെ ധ്വനിപ്പിക്കുന്നതോടൊപ്പം ദൈവരാജ്യത്തിനു വേണ്ടി ഒരുങ്ങുവാൻ സന്ധ്യയിലെ ഏവൻഗേലിയോൻ ആഹ്വാനം നൽകുന്നു. കർത്താവിന്റെ പുനരാഗമനവേളയിലാണല്ലോ ദൈവരാജ്യം പൂർണ്ണമായി സാക്ഷാത്ക്കരിക്കപ്പെടുന്നത്. ഭൂത-വർത്തമാന-ഭാവി കാലങ്ങൾ ഇവിടെ ഒന്നിക്കുന്നു. ദൈവരാജ്യത്തിനുവേണ്ടി വധിക്കപ്പെട്ട രക്തസാക്ഷികളെ ആദരപൂർവ്വം ഓർക്കുവാനും അവരുടെ വിശ്വാസം അനുകരിക്കുവാനും ഈ വായന ആഹ്വാനം നൽകുന്നു.

ഉല്പത്തി 17:15-22; സംഖ്യ 8:13-20; 1 ശമുവേൽ 1:9-17; ഏശായാ 41:8-15.
2 പത്രോസ് 1:1-15; എഫേസ്യർ 5:21-6:4.
വി. ലൂക്കോസ് 1:26-38.

ദൈവിക അറിയിപ്പിനെ തുടർന്നുണ്ടായ അത്ഭുതപ്പിറവികളുടെ സംഭവങ്ങളിലൂടെ വർത്തമാനകാലസഭ ഭൂതകാല അനുഭവങ്ങൾക്ക് പങ്കുകാരാകുന്നു. ഉല്പ്പത്തിപ്പുസ്തകത്തിൽ നൂറ് വയസ്സായ അബ്രഹാമിന് വാഗ്ദത്ത പുത്രൻ ജനിക്കുമെന്ന യഹോവയുടെ അരുളപ്പാടും സംഖ്യാപുസ്തകത്തിൽ ലേവിഗോത്രത്തെ ദൈവം തനിക്കായി വേർതിരിച്ചതിനാൽ അവരെ ശുദ്ധീകരിച്ച് വേർതിരിക്കണമെന്ന് മോശയോടു കൽപിച്ചതും ശമുവേലിന്റെ ഒന്നാം പുസ്തകത്തിൽ, മക്കളില്ലാത്ത ഹന്നായുടെ ദുഃഖവൃത്താന്തം കേട്ട് പുരോഹിതൻ ഏലി ദൈവം അവൾക്ക് ഒരു പുത്രനെ നൽകട്ടെ എന്ന് അനുഗ്രഹിക്കുന്നതും ഏശായ പ്രവചനത്തിൽ ഇസ്രായേൽ ജനതയെ ദൈവം വീര്യംകൊണ്ട് അജയ്യശക്തിയാക്കി ഉയർത്തുമെന്നുള്ള വാഗ്ദാനവും നാം കേൾക്കുന്നു. തന്നിൽ ആശ്രയിക്കുന്ന ആവശ്യക്കാരെ തന്റെ വഴിയൊരുക്കുവാൻ നിയോഗിക്കുന്ന ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമാണ് സ്കറിയാ പുരോഹിതൻ കേട്ട ഗബ്രിയേലിന്റെ വാക്കുകളുടെ കാതൽ. വർത്തമാനകാല ജനതയ്ക്ക് അത് പ്രത്യാശ നൽകുന്നു. ഭാവികാലത്തേക്കുള്ള കർത്തവ്യങ്ങളിലേക്ക് അവന്റെ ലക്ഷ്യബോധത്തെ ഉയർത്തുന്നു. മോഹങ്ങൾക്ക് അടിമയാകാതെ വിശുദ്ധിയിൽ ജീവിപ്പാൻ വി. പത്രോസ് ശ്ലീഹായും കുടുംബബന്ധങ്ങളിൽ വിശുദ്ധിയും അനുസരണവും പാലിപ്പാൻ വി. പൗലൂസും ആഹ്വാനം നൽകുന്നു. കുടുംബബന്ധങ്ങളിലെ അവിശുദ്ധിയോട് പോരാടുന്ന ശുശ്രൂഷയിലേക്ക് യോഹന്നാൻ ജീവനെ വകവെയ്ക്കാതെ ഇറങ്ങിത്തിരിച്ചത് ഇവിടെ ഓർക്കാം. ക്രിസ്തീയ ജീവിതത്തിൽ അതിരില്ലാത്ത സുഖഭോഗങ്ങളോ ജഢോല്ലാസങ്ങളോ ദൈവം ഇഷ്ടപ്പെടുന്നില്ലെന്നും കുടുംബബന്ധം ദൈവികമായിരിക്കെത്തന്നെ അതിൽ നീതിബോധവും വിവേകവും പാലിക്കണമെന്നും ഈ മൂല്യങ്ങൾ സഭയിലും സമൂഹത്തിലും പുലരുവാൻ യത്നിക്കണമെന്നും ഈ അറിയിപ്പുകാലത്തിന്റെ പശ്ചാത്തലത്തിൽ ഈ വായനകൾ വിവിധ സംഭവങ്ങളെ അടിസ്ഥാനപ്പെടുത്തി വർത്തമാനകാലത്തോട് അറിയിക്കുന്നു.

ഏവൻഗേലിയോന്റെ പെസ്ഗോമോകൾ: 1. സങ്കീ. 89:19; സങ്കീ. 17:15.

'ഞാൻ വീരനായ ഒരുവന് സഹായം നൽകുകയും ജനത്തിൽനിന്ന് ഒരു വ്രതനെ ഉയർത്തുകയും ചെയ്തു.

'ഞാനോ നീതിയിൽ നിന്റെ മുഖം കാണും. ഞാൻ ഉണരുമ്പോൾ നിന്റെ രൂപം കണ്ട് തൃപ്തനാകും.'

വ്രതസ്ഥനും നീതിയുടെ പ്രഭാഷകനുമായ സ്നാപകന്റെ വൃത്താന്തം സഭാംഗങ്ങളെ ഉയർന്ന മൂല്യബോധങ്ങളിലേക്കും കുടുംബബന്ധങ്ങളിലെ വ്യക്തിവിശുദ്ധിയിലേക്കും പ്രചോദിപ്പിക്കുവാൻ പര്യാപ്തം തന്നെ. സൂര്യോദയത്തിന് മുമ്പ് കിഴക്കുദിക്കുന്ന ഉദയനക്ഷത്രമായിട്ടാണ് സഭാപിതാക്കന്മാർ യോഹന്നാൻ സ്നാപകനെ ഉപമിച്ചിരിക്കുന്നത്. സൂര്യന്റെ ആഗമനത്തെ ഉദയനക്ഷത്രം ഉറപ്പാക്കുകയും വിളിച്ചറിയിക്കുകയും ചെയ്യുന്നു.

D. ദൈവമാതാവിനോടുള്ള വചനിപ്പിന്റെ ഞായർ

ഒന്നാം കാലത്തിലെ കേന്ദ്രപ്രമേയമാണ് ഈ ആഴ്ച സഭ സ്മരിക്കുന്നത്. സുചരിതയായ മറിയാമ്മിന്റെ പ്രാർത്ഥനാവേളയിൽ ഗബ്രിയേൽ മാലാഖ പ്രത്യക്ഷപ്പെടുകയും യേശുവിന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പ് – സ്വർഗ്ഗസന്ദേശം അറിയിക്കുകയും ചെയ്തു. യഹൂദന്മാരുടെ പ്രതീക്ഷയായിരുന്നുവല്ലോ മശിഹായുടെ പ്രത്യക്ഷത. കന്യക ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും എന്നത് പ്രവാചക ദർശനമാണ്. അതിലേക്ക് ദൈവം തെരഞ്ഞെടുത്ത കന്യകയാണ് മറിയാം. കത്തോലിക്കാ ദൈവശാസ്ത്രം അവകാശപ്പെടുംപോലെ മറിയാം അമലോത്ഭവയാണെന്ന് ഓർത്തഡോക്സ് സഭകൾ പഠിപ്പിക്കുന്നില്ല. ആദാമ്യപാപം പേറുന്ന ഒരു സ്ത്രീയിലൂടെ ജനിക്കുന്ന യേശുവിലേക്ക് ആദാമ്യപാപം സംക്രമിക്കുമല്ലോ എന്ന ചിന്തയിൽ നിന്നാണ് അമലോത്ഭവ സിദ്ധാന്തം ഉത്ഭവിക്കുന്നത്. പൗരസ്ത്യ പിതാക്കന്മാർ ഈ പ്രഹേളികയെ സമീപിക്കുന്നത് കൂടുതൽ യുക്തിസഹമായ വിധത്തിലാണ്. 'കൃപ'യാൽ മറിയാം ആദാമ്യപാപത്തിൽ നിന്നു ശുദ്ധീകരിക്കപ്പെട്ടതായി അവർ വ്യാഖ്യാനിക്കുന്നു. ദൈവകൃപയാണല്ലോ മനുഷ്യരക്ഷയ്ക്ക് നിദാനം. 'കൃപ ലഭിച്ചവളേ' എന്ന ഗബ്രിയേലിന്റെ സംബോധന ഇക്കാര്യം കൂടുതൽ വ്യക്തമാക്കുന്നു. മറിയാം ദൈവകൃപ നിറഞ്ഞവൾ ആയിരുന്നു. പുരുഷനെ അറിഞ്ഞിട്ടില്ലാത്ത മറിയാം പരിഭ്രാന്തയായി. ഗബ്രിയേൽ നൽകിയ ഉത്തരം അവൾക്ക് മനസ്സിലായി എന്ന് തോന്നുന്നില്ല. എങ്കിലും 'ഞാൻ കർത്താവിന്റെ ദാസി; നിന്റെ വാക്കുപോലെ എനിക്ക് ഭവിക്കട്ടെ' എന്ന് പറയുവാൻ അവളുടെ ദൈവാശ്രയശീലം അവളെ ധൈര്യപ്പെടുത്തി. സ്വർഗ്ഗീയധനം ഭൂമിയിലേക്ക് കൊണ്ടുവരുന്ന വ്യാപാരിയെ സംവഹിക്കുന്ന കപ്പൽ ആവാനുള്ള ദൗത്യം വിനയപൂർവ്വം അവൾ ഏറ്റെടുക്കുന്നു. വ്യക്തിഗതമായ സുരക്ഷിതത്വം നഷ്ടപ്പെട്ടാലും മനുഷ്യവർഗ്ഗരക്ഷയ്ക്ക് പ്രഥമസ്ഥാനം നൽകുന്നു. തന്നെത്തന്നെ ത്യജിക്കുന്ന – മറിയാം സമൂഹത്തിന് എക്കാലവും ഒരു മാതൃകാവനിതയും വെല്ലുവിളിയുമാണ്.

കന്യക പുത്രനെ പ്രസവിച്ചു എന്ന വാർത്ത യഹൂദസഭ പരിഹാസ്യമായാണ് വീക്ഷിച്ചത് – അവരുടെ അംഗീകൃത പാരമ്പര്യത്തിൽ നിന്ന് തന്നെ വി. പിതാക്കന്മാർ അതിന് നൽകിയ ചുട്ട ഉത്തരം ബുധനാഴ്ച മൂന്നാംമണി നമസ്കാരത്തിൽ നൽകുന്നുണ്ട്. വൃക്ഷം കുഞ്ഞാടിനെ ജനിപ്പിച്ചുവല്ലോ; തീക്കൽപ്പാറ കുടിവെള്ളം പുറപ്പെടുവിച്ചുവല്ലോ. അചേതനവസ്തുവായ വൃക്ഷവും പാറയും അത്ഭുതകരമായി കുഞ്ഞാടിനെയും ജലത്തെയും പുറപ്പെടുവിച്ചെങ്കിൽ പ്രവചനനിവൃത്തിയായി മറിയാമ്മിൽ നിന്ന് ദൈവപുത്രൻ അത്ഭുതകരമായി ജനിക്കാം എന്നത് അവർ സമർത്ഥിക്കുന്നു. പ്രകൃതിയുടെ സ്രഷ്ടാവിന്റെ പ്രവർത്തനങ്ങൾക്ക് പ്രകൃതിനിയമങ്ങൾ തടസ്സം സൃഷ്ടിക്കുകയില്ലല്ലോ. പണ്ഡിതനും ഭക്തനുമായ മാർ യാക്കോബ് ആ സംഭവത്തെ വർണ്ണിക്കുന്നതിപ്രകാരമാണ്:

"സൗമ്യരിലല്ലാതെങ്ങമരും ഞാൻ എന്നുര ചെയ്തോൻ
ജാതരിലേറ്റം താഴ്ത്തപ്പെട്ടുള്ളവളിൽ പാർത്താൻ
ആരുമുയർത്തപ്പെട്ടില്ലിതുപോലതിനാൽ സ്പഷ്ടം
മറിയാമെപ്പോലാരും താഴ്ത്തപ്പെട്ടിട്ടില്ല."

സ്വയം വെറുമയാക്കിയ കന്യകയെ സ്വർഗ്ഗസിംഹാസനത്തിന്റെ മഹിമയെ വെടിഞ്ഞവൻ തന്റെ കൊട്ടാരമാക്കി. സ്ഥലകാലദേശങ്ങൾക്ക് അപരിമിതൻ ആയവൻ സ്ഥലകാലദേശങ്ങൾക്ക് അധീനൻ ആയി കന്യകയിൽ വസിച്ചു. ലോകചരിത്രത്തിൽ അനന്യലഭ്യമായ ചരിത്രമുഹൂർത്തം. തന്നെ ഉൾക്കൊള്ളുന്നവർക്ക് ആവശ്യമായ അർഹതകളെക്കുറിച്ച് ചർച്ച ചെയ്യാൻ ഏറ്റവും അനുയോജ്യമായ സന്ദർഭം ഈ ചരിത്രസംഭവം പ്രദാനം ചെയ്യുന്നു.

വായനകൾ: വി. ലൂക്കോസ് 8:16–21; വി. മർക്കോസ് 3:31–35.

ഉല്പത്തി 28:10–12; ന്യായാധിപന്മാർ 13:2–14; സഖറിയാ 2:10–13, 4:1–7, 8:3; ഏശായാ 63:15–64:5, 1 യോഹന്നാൻ 3:2–17, ഗലാത്യർ 4:1–7, വി. ലൂക്കോസ് 1:26–38.

ഉല്പത്തി പുസ്തകത്തിലെ വായനയിൽ യാക്കോബിന്റെ ദർശനത്തിൽ കണ്ട ഗോവണി മറിയാമിന്റെ മുൻ ചിത്രമായി അവതരിപ്പിക്കുന്നു. സ്വർഗ്ഗത്തെയും ഭൂമിയെയും ബന്ധിപ്പിക്കുന്ന ഗോവണി – സ്വർഗ്ഗം ഭൂമിയിലേക്കിറങ്ങി വരുവാൻ മറിയാം മുഖാന്തിരമായി എന്ന് സൂചന. ചവിട്ടേല്ക്കുവാൻ ഗോവണി വിധിക്കപ്പെട്ടിരിക്കുന്നു. ദൈവപുത്രൻ മനുഷ്യപുത്രനായി അവതരിച്ചത് മനുഷ്യരെ ദൈവീകരാക്കുവാനെന്ന വി. അത്താനാസ്യോസിന്റെ നിർവചനം സഫലമായി. ശിംശോന്റെ ജനനത്തെപ്പറ്റി മനോഹയുടെ വന്ധ്യയായ ഭാര്യയ്ക്ക് ദൈവദൂതൻ നൽകിയ അറിയിപ്പാണ് ന്യായാധിപന്മാരുടെ പുസ്തകം പ്രതിപാദിക്കുന്നത്. ഫെലിസ്ത്യരുടെ കൈകളിൽനിന്ന് മോചിക്കാനുള്ള ദൗത്യമായിരുന്നു ശിംശോനെങ്കിൽ മനുഷ്യജാതിയെ മുഴുവൻ സാത്താന്യാധിപത്യത്തിൽ നിന്നും മോചിപ്പിക്കാനുള്ള രക്ഷകന്റെ അറിയിപ്പാണ് മറിയാമിന് ലഭിച്ചത്. ബാബിലോൺ പ്രവാസത്തിൽനിന്ന് യിസ്രായേലിനെ വീണ്ടെടുക്കുവാൻ സമയമായതിനാൽ ഉല്ലസിക്കുക എന്ന് സീയോൻ പുത്രിയോട് പറയുന്ന പ്രവചനമാണ് സഖറിയാ പ്രവാചകന്റെ പുസ്തകം നൽകുന്ന സന്ദേശം. രക്ഷയ്ക്കുവേണ്ടി നിലവിളിക്കുന്ന ജനതയുടെ പ്രാർത്ഥന ഏശായായുടെ പ്രവചനം നമ്മെ കേൾപ്പിക്കുന്നു (പഴയ വേദവായനക്കുറിപ്പിൽ ഏശായ 41: 8–16 വരെയാണ് കൊടുത്തിരുന്നത്. അറിയിപ്പിന്റെ കാലത്തിന്റെ പശ്ചാത്തലത്തിൽ ആ വേദവായനയ്ക്ക് കൂടുതൽ പ്രസക്തിയുണ്ടെന്ന് തോന്നുന്നു.).

ദൈവം സ്നേഹമാകുന്നു എന്ന സന്ദേശം യോഹന്നാന്റെ ലേഖനവും കാലസമ്പൂർണ്ണതയിൽ ദൈവം തന്റെ പുത്രനെ സ്ത്രീയുടെ സന്തതി ആയി അയച്ചു എന്ന് ഗലാത്യലേഖനത്തിൽ വി. പൗലൂസ് ശ്ലീഹായും നമ്മെ ഓർമ്മപ്പെടുത്തുന്നു.

സന്ധ്യയുടെ പെസ്ഗോമോ സങ്കീ. 72:6. 'കരിഞ്ഞ പുൽപ്പുറത്ത് പെയ്യുന്ന മഴ പോലെയും ഭൂമിയെ നനക്കുന്ന വന്മഴപോലെയും അവൻ ഇറങ്ങിവരട്ടെ.'

ഭൂമിയിൽ പുതുവസന്തം വിടർത്തുന്ന മഴയുടെ ആഗമനം. വിത്തുകൾക്ക് ജീവൻ നൽകുന്ന മഴക്കാലം ആഗതമാകുന്നു.

പ്രഭാത പെസ്ഗോമോ 18:9. 'അവൻ ആകാശം ചായിച്ചിറങ്ങി. കൂരിരുൾ അവന്റെ കാൽക്കീഴിൽ ഉണ്ടായിരുന്നു.'

കർത്താവിന്റെ ആഗമനത്തിന് അനുയോജ്യമായ പ്രസ്താവന. അവന്റെ പ്രത്യക്ഷതയോടെ ഇരുട്ട് പഴങ്കഥയായി. പ്രഭാതം, പുതിയ പ്രഭാതം പൊട്ടിവിടരുന്നു. ദൈവത്തെക്കുറിച്ചും ബന്ധങ്ങളെക്കുറിച്ചും പുതിയ അറിവുകൾ, വ്യാഖ്യാനങ്ങൾ പ്രഘോഷിക്കുന്ന അറിയിപ്പുകാലം. സ്നാപക യോഹന്നാൻ ആ ഉദയസൂര്യന്റെ മുന്നോടിയായി ഉദിച്ച ശുക്രനക്ഷത്രം.

E. ഏലിശ്ബായുടെ അടുക്കലേക്കുള്ള യാത്ര

ഏലീശ്ബായുടെ ഗർഭധാരണവൃത്താന്തം ദൈവദൂതനിൽ നിന്നാണ് മറിയാം ഗ്രഹിക്കുന്നത്. ചാർച്ചക്കാരി ആയിരുന്നുവെങ്കിലും ആഹ്ലാദകാരിയായ ആ വാർത്ത ഏലിശ്ബാ എല്ലാവരിൽനിന്നും മറച്ചുവെച്ചു എന്ന് തോന്നുന്നു. വന്ധ്യയുടെ ഗർഭധാരണം ആറ് മാസമായിട്ടും ഉറപ്പുള്ള ഒരു പരമാർത്ഥമായി പുറത്തുപറയാൻ ഏലിശ്ബാ മടിച്ചിരിക്കാം. തന്നെയുമല്ല തന്റെ ഭർത്താവ് മൗനിയായിരിക്കുന്നു. വിശദീകരണം നൽകാനാവാത്ത വിഷാദം ആ വൃദ്ധ ദമ്പതികൾക്കിടയിൽ തങ്ങിനിന്നു. അപ്പോഴാണ് ചാർച്ചക്കാരിയെ അഭിവാദ്യം ചെയ്യാൻ മറിയാം സന്ദർശകയായി എത്തുന്നത്. രണ്ടു ഗർഭിണികൾ വീർപ്പുമുട്ടിനിൽക്കുന്ന അവിശ്വസനീയ അനുഭവങ്ങൾ പരസ്പരം പങ്കിടുവാൻ ഒത്തുചേരുന്നു. കർത്താവിന്റെ അമ്മയായി മറിയാമ്മിനെ ഏലിശ്ബാ തിരിച്ചറിയുന്നു. തന്റെ മുന്നോടിയും പ്രസംഗകനും ആയവനെ സന്ദർശിക്കുവാൻ മുൻകൈ എടുക്കുന്ന സംരംഭകത്വശൈലി. താൻ കാണാതെപോയ ആടിനെ തെരഞ്ഞു വീണ്ടെടുക്കുവാൻ വന്ന നല്ല ഇടയൻ ആണല്ലോ. അറിയിപ്പുകാലത്തിൽ ദൈവജനനി സ്ത്രീകളിൽനിന്ന് ജനിച്ചവരിൽ ഏറ്റവും മഹാനായ മനുഷ്യനെ ഗർഭശിശുവായിരിക്കേ സന്ദർശിപ്പാൻ ആഗതയാവുന്നു. അവർ തമ്മിൽ എന്തെല്ലാം

ആശയവിനിമയം നടന്നിരിക്കാം!! ഏതായാലും മറിയാമ്മിന്റെ സന്ദർശനം ഏലിശ്ബായിൽ പ്രതികരണം ഉണ്ടാക്കി. നിന്റെ വന്ദനശബ്ദം കേട്ടപ്പോൾ പിള്ള ഗർഭത്തിൽ തുള്ളി എന്ന് ഏലിശ്ബാ സാക്ഷിക്കുന്നു. ഗർഭാവസ്ഥയിൽ ശിശുവിന് കേൾക്കാം, തിരിച്ചറിയാം, പ്രതികരിക്കുകയും ചെയ്യാം. നമ്മുടെ മാമ്മൂദീസായുടെ തത്വം മനഃശാസ്ത്രപരമായി എത്ര സ്വീകാര്യം!! രണ്ട് ഗർഭിണികളുടെ സന്ദർശനം എന്ന ശീർഷകത്തേക്കാൾ രണ്ട് ഗർഭസ്ഥശിശുക്കളുടെ സന്ദർശനവും ആശയവിനിമയവും എന്ന ശീർഷകം കൂടുതൽ അനുയോജ്യമല്ലേ എന്ന് തോന്നുന്നു. സ്വർഗ്ഗീയ മഹിമകളെ വെടിഞ്ഞ് കല്ലടാവിൽ അവതരിക്കുവാൻ മാത്രം സ്വയം വെറുമയാക്കിയ ദൈവകുമാരൻ അമ്മയെ അനുകരിക്കുകയായിരുന്നുവോ? അതോ അമ്മ മകനെ അനുകരിക്കുകയായിരുന്നുവോ? ലളിതമായ ആ സന്ദർശനംകൊണ്ട് ഏലിശ്ബായുടെ ഗർഭസ്ഥശിശുവിന് സ്വന്തം ജീവിതദൗത്യം ബോധ്യമായി. യേശുവിന്റെ സാന്നിധ്യം നമുക്ക് ദൗത്യബോധ്യം നൽകുവാൻ പര്യാപ്തമാണ്. നമ്മുടെ ദൗത്യം എന്താണ്? യേശുവിനെയും അമ്മയെയും അഭിമുഖീകരിച്ചാൽ പക്ഷേ നമ്മുടെ ദൗത്യത്തെപ്പറ്റി നമുക്ക് സംശയാതീതമായ ബോധ്യം ഉണ്ടായേക്കാം. സത്യത്തിന്റെ പ്രസംഗകനാകുക; നീതിക്കുവേണ്ടി രക്തസാക്ഷിയാവുക, ഇതായിരുന്നു യോഹന്നാന്റെ ദൗത്യം. ഈ ദൗത്യത്തോട് ഒരിക്കൽപോലും പുറംതിരിഞ്ഞിരിക്കാതിരിക്കുവാൻ ഈ സന്ദർശനത്തിന്റെ പ്രചോദനം യോഹന്നാന് ധൈര്യം നൽകിയിരിക്കാം!! പഴയനിയമത്തിന്റെ അവസാനക്കണ്ണിയായ ന്യായപ്രമാണപ്രതീകം പുതിയനിയമപ്രഘോഷകന്റെ ആഘോഷപൂർവ്വമായ ആഗമനത്തിന് വഴിയൊരുക്കിക്കൊണ്ട് ചരിത്രത്തിൽ നിത്യമായി അസ്തമിക്കുന്ന അസുലഭ മുഹൂർത്തമാണ് മലനാട്ടിലെ ആ സമാഗമം സൂചിപ്പിക്കുന്നത്. രണ്ടു കപ്പലുകളായി രണ്ടുപേരെയും പിതാക്കന്മാർ ഉപമിച്ചിട്ടുണ്ട്. രണ്ടുപേരും അവരവരുടെ ലക്ഷ്യസ്ഥാനത്തെത്തുന്നതിൽ വിജയിച്ചു. രണ്ടിലും രണ്ടു വ്യാപാരികൾ ഉണ്ടായിരുന്നു. ഒരു ആൾ വഴിയൊരുക്കലിന്റെ വ്യാപാരത്തിൽ ലക്ഷ്യസ്ഥാനം നേടി. അപരൻ രക്ഷാവ്യാപാരത്തിന്റെ ലക്ഷ്യത്തിൽ വിജയം കണ്ടു.

വായനകൾ: വി. ലൂക്കോസ്. 8:1-3; വി. ലൂക്കോസ് 10:38-42, ഉല്പത്തി 1:24-31, 24:15-38, ന്യായാധിപന്മാർ 4:4-16, 2 രാജാ. 5:1-5, എസ്ഥേർ 4:1-17, സദൃശ. 14:1-19, 1 പത്രോസ് 3:1-7, 1 തിമോ. 2:9-15, 3:11-13, വി. ലൂക്കോസ് 1:39-56.

ശിശുക്കൾക്ക് മാമ്മൂദീസാ നൽകുന്നത് വിഹിതമല്ല എന്ന് വ്യാഖ്യാനിക്കുന്നവർ ഏലിശ്ബായുടെ ഗർഭത്തിൽവെച്ച് യോഹന്നാൻ മറിയാമ്മിന്റെ വന്ദനസ്വരത്തോട് പ്രതികരിച്ച സംഭവത്തെപ്പറ്റി ധ്യാനിക്കേണ്ടതാണ്. കുഞ്ഞുങ്ങളുടെ ധാരണാശേഷിയെപ്പറ്റി മനഃശാസ്ത്രം നൽകുന്ന ഉൾക്കാഴ്ച ഇക്കാര്യത്തിൽ പഠനീയമാണ്. പരിച്ഛേദനയിലും മാമ്മൂദീസായിലും ദൈവകൃപയാണ് മുമ്പിൽനിന്ന് പ്രവർത്തിക്കുന്നത്.

(പഴയ വായനക്രമത്തിൽ രണ്ട് വംശത്തലവന്മാരായി ആദ്യം യാക്കോബും പിന്നെ ഏശാവും ഇസഹാക്കിന്റെ മുമ്പിൽ അനുഗ്രഹത്തിനായി തലകുനിക്കുന്ന ഉൽപത്തി 27-ാം അദ്ധ്യായത്തിലെ വായനയാണ് കൊടുത്തിരിക്കുന്നത്. അതായിരുന്നു കൂടുതൽ ഔചിത്യമുള്ള വായന. പുതിയ കുറിപ്പിൽ ദൈവം ആറാം ദിവസം മനുഷ്യനെ സൃഷ്ടിച്ച് അനുഗ്രഹിക്കുന്ന വിവരണമാണ് ഉൽപത്തിയിൽനിന്ന് നൽകിയിരിക്കുന്നത്.)

പഴയ കുറിപ്പിൽ ഏശായ 5:1-11 കൊടുത്തിരിക്കുന്നത് കൂടുതൽ അനുയോജ്യമായ വായനയാണ്. യഹോവ നട്ട മുന്തിരിത്തോട്ടം ശരിയായ ഫലം നൽകിയില്ല. താൻ അതിനെ ഉന്മൂലനാശം വരുത്തും. ന്യായപ്രമാണമായ തോട്ടം ഇല്ലായ്മ ചെയ്യുന്ന വിഷയമാണ് അവിടെ പ്രതിപാദിക്കുന്നത്. പഴയനിയമം ഇല്ലായ്മ ചെയ്ത് പുതിയ ഉടമ്പടി സ്ഥാപിക്കും എന്ന ചിന്ത കൂടുതൽ പ്രസക്തമാണ്. യോഹന്നാൻ പഴയ ന്യായപ്രമാണത്തെയും ക്രിസ്തു പുതിയനിയമത്തെയും പ്രതിനിധാനം ചെയ്യുന്നു.

നയമാന്റെ കുഷ്ഠരോഗം സൗഖ്യമാക്കുന്ന വിഷയമാണ് 2 രാജാക്കന്മാരിലെ വായന ചർച്ച ചെയ്യുന്നത്. മൂന്ന് ദിവസം ഉപവസിക്കുവാൻ ജനത്തോട് ആവശ്യപ്പെടുന്ന എസ്ഥേറിന്റെ അഭ്യർത്ഥന നാം കേൾക്കുന്നു. സദൃശ്യവാക്യങ്ങളിലെ വായന പൊതുപ്രബോധനമെന്ന നിലയിൽ കൊള്ളാം. ആഗമനകാല പശ്ചാത്തലത്തോട് വായനകൾ ബന്ധപ്പെട്ടിരിക്കണമെന്ന ചിന്ത വേദവായനക്കുറിപ്പിന്റെ പരിഷ്ക്കർത്താക്കൾ വേണ്ടത്ര ശ്രദ്ധിച്ചതായി തോന്നുന്നില്ല.

പെസ്ഗോമോ സങ്കീ. 85:10, 97:8. ദയയും വിശ്വസ്തതയും തമ്മിൽ എതിരേറ്റിരിക്കുന്നു. നീതിയും സമാധാനവും തമ്മിൽ ചുംബിച്ചിരിക്കുന്നു. സീയോൻ കേട്ടു സന്തോഷിക്കുന്നു; യഹോവേ, നിന്റെ ന്യായവിധികൾ നിമിത്തം യഹൂദാപുത്രിമാർ സന്തോഷിച്ചാനന്ദിക്കുന്നു.

സന്ദർഭോചിതമായ വാക്യങ്ങൾ കാലപശ്ചാത്തലത്തിനും അന്നത്തെ പ്രത്യേക പ്രമേയത്തിനും സമുചിതമാണ് സന്ധ്യയുടെ പെസ്ഗോമോ. യോഹന്നാനെയും ക്രിസ്തുവിനെയും അതോടൊപ്പം ന്യായപ്രമാണത്തെയും പുതിയനിയമ പ്രമാണത്തെയും ആ വാക്യം നിർവചനരൂപത്തിൽ അവതരിപ്പിച്ചിരിക്കുന്നു. ആ സമാഗമം - സമാധാനപ്രഭുവായ മശിഹാ തന്റെ ജനത്തെ സന്ദർശിക്കുന്നു എന്ന വാർത്ത യഹൂദസഭയ്ക്ക് ആകമാനം ആഹ്ലാദകാരിയായ അനുഭവം തന്നെ. ഭാവികാലത്തിൽ ക്രിസ്തു സമാധാനത്തിന്റെ രാജാവായി തന്റെ ഭക്തന്മാരെ ചേർത്തുകൊള്ളുവാൻ വീണ്ടും വരുമെന്ന ധ്വനി വായനകളെ അർത്ഥസാന്ദ്രവും 'കാലോ'ചിതവുമാക്കുന്നു.

നോമ്പ്

സഭയുടെ അഞ്ചു കാനോനിക നോമ്പുകളിൽ ഒന്നായ യൽദാ നോമ്പ് (25 നോമ്പ്) ഈ ആഴ്ച ആരംഭിക്കുന്നു. ജഡാഭിലാഷങ്ങളെ പരിത്യജിച്ച് ദൈവപുത്രന്റെ ആഗമനത്തിന് സഭ ഒരുങ്ങുകയാണ്. ഏലിശ്ബായും മറിയാമും വ്രതാനുഷ്ഠാനങ്ങളിൽ കഴിയുന്നു. ലോകരക്ഷകന്റെ സമാധാനദൂത് ഉൾക്കൊള്ളുവാൻ സഭ വിശുദ്ധിയോടെ കാത്തിരിക്കുന്നു. പഴയനിയമസഭ മശിഹായ്ക്കായി കാത്തിരിക്കുന്നതുപോലെ പുതിയനിയമസഭയും പുതിയ ആകാശവും പുതിയ ഭൂമിയും ആയ ദൈവരാജ്യത്തിന്റെ പൂർത്തീകരണം സംഭവിക്കുവാൻ വാഗ്ദാനപ്രകാരം ക്രിസ്തുവിന്റെ രണ്ടാംവരവിനുവേണ്ടി കാത്തിരിക്കുന്നു. മണവാളനെ കാത്തിരിക്കുന്ന മണവാട്ടി സഭയ്ക്ക് മണവാളനുമായി സമാഗമം സാധിക്കുന്നതുവരെയും ഈലോകോല്ലാസങ്ങളിൽ മുഴുകുവാൻ കഴിയുകയില്ലല്ലോ. സത്യത്തിന്റെ പ്രഭാഷകൻ സ്നാപകയോഹന്നാനും സ്നേഹസമാധാനങ്ങളുടെ ചക്രവർത്തിയായ യേശുവും ഭൂമിയിൽ പ്രത്യക്ഷപ്പെടുന്ന പശ്ചാത്തലം പ്രപഞ്ചം മുഴുവൻ വിശുദ്ധിയോടെ കാത്തിരിക്കുകയാണ്. കൂദൊശ് ഈത്തോയുടെയും ഹൂദൊശ് ഈത്തോയുടെയും സാംഗത്യം കൂടുതൽ വിശദമാക്കുന്നു ഈ നോമ്പുകാലം. ക്രിസ്തുവിന്റെ ജനനം ഭൂതകാലസംഭവം തന്നെ. എന്നാൽ ക്രിസ്തുവിന്റെ രണ്ടാം പ്രത്യക്ഷത ഭാവികാല യാഥാർത്ഥ്യമാണ്. തന്മൂലം ഈ ദിവസങ്ങളിൽ ഭൂത വർത്തമാന ഭാവികാലങ്ങൾ ഏകകാലത്ത് വിശ്വാസികൾ അനുഭവിക്കുന്നു. ക്രിസ്തുസംഭവങ്ങളിലൂടെ സഞ്ചരിക്കുവാൻ സഭ വെട്ടും കിളയും ഇല്ലാതെ കിടന്ന ഉറച്ച ഭൂമിയിൽ വെട്ടും കിളയും നടത്തി സജ്ജമാക്കുകയാണ്; ആഗമനത്തെ സഫലമാക്കുവാൻ.

അനുതാപവും കുമ്പസാരവും ആണ് മേൽ പ്രസ്താവിച്ച വെട്ടും കിളയും. നോമ്പ് ലംഘനമാണ് ഹവ്വായുടെ ആദിപാപം. മോഹങ്ങളെ അതിജീവിച്ച് രണ്ടാം ഹവ്വ ആയ കന്യകമറിയാമ്മിനോട് നോമ്പിലൂടെ നാം താദാത്മ്യപ്പെടുന്നു. പത്തു കൽപനകൾ ലഭിക്കുന്നതിന്റെ മുന്നോടിയായി ഇസ്രായേൽ ജനത നോമ്പിലൂടെ സ്വയം വിശുദ്ധീകരിച്ചതിനെ ഈ നോമ്പ് അനുസ്മരിപ്പിക്കുന്നു. പുതിയനിയമത്തിന്റെ ന്യായപ്രമാണം യേശുവാകുന്നുവല്ലോ.

F. യോഹന്നാൻ സ്നാപകന്റെ ജനനം

നോമ്പിന്റെ പശ്ചാത്തലത്തിൽ നാം ആദ്യം ആഘോഷിക്കുന്ന ആഗമനം യോഹന്നാൻ മാംദാനയുടെ ജനനമാണ്. ജനനവേളയിൽ തന്നെ പിതാവിന്റെ സംസാരശക്തി വീണ്ടെടുക്കുന്നതിന് മുഖാന്തിരമായ യോഹന്നാൻ. യോഹന്നാൻ എന്ന പദത്തിന് പ്രാവ് എന്നാണർത്ഥം. അത് നിഷ്കളങ്കതയുടെ ആദിപ്രതീകമാണ്. വ്രതനിഷ്ഠരായ മാതാപിതാക്കളുടെ ഏകപുത്രനായി വ്രതനിഷ്ഠയോടെ ജീവിക്കുന്ന യോഹന്നാൻ, അഴിമതിയും അശുദ്ധികളും അനീതിയും അസാന്മാർഗ്ഗികതയും കൊടികുത്തിവാഴുന്ന ലോകത്തിൽ സത്യത്തിന്റെ ഉത്ഘോഷകൻ സ്വന്തം പാത വെട്ടിയുണ്ടാക്കി. കുരുടനെ കുരുടൻ വഴികാട്ടുന്നതുകൊണ്ടാണ് സത്യവഴി വിജനമായി കിടക്കുന്നത്. യോഹന്നാൻ കുരുടൻ അല്ലായിരുന്നു; പ്രലോഭനങ്ങളുടെ അടിമ അല്ലായിരുന്നു; ഇന്ദ്രിയങ്ങളുടെ തടവുകാരൻ അല്ലായിരുന്നു. അതുകൊണ്ട് ധർമ്മപ്രവാചകനായ അദ്ദേഹത്തിന് രാജകൊട്ടാരത്തിലെ അധർമ്മത്തെപ്പോലും വെല്ലുവിളിക്കുവാൻ കഴിഞ്ഞു. കൊട്ടാരത്തിനും സമൂഹത്തിനും നീതിപീഠത്തിനും നടുക്കമുണ്ടാക്കിയ യോഹന്നാൻ ഒരു പുതിയ നീതിയുഗത്തിന്റെ പ്രതീക്ഷ സമകാലലോകത്തിന് നൽകി. യോർദ്ദാൻ നദിയിലെ സ്നാനപദ്ധതി ഒരു പുതിയ യുഗത്തെപ്പറ്റി പ്രതീക്ഷ നൽകുന്നതായിരുന്നു. അദ്ദേഹത്തിന് ധാരാളം അനുയായികൾ ഉണ്ടായി. ജനനവേളയിൽ സഖറിയാ നടത്തിയ നീണ്ട ദീർഘദർശനം യോഹന്നാനെ പുതിയ പ്രവാചകനായി അവതരിപ്പിക്കുന്ന സാക്ഷ്യം ആയിരുന്നു. അധാർമ്മികതകളെ

ശാസിക്കുകയും ചോദ്യം ചെയ്യുകയും ആണ് അദ്ദേഹത്തിന്റെ ജന്മലക്ഷ്യം എന്ന് സഖറിയാ വ്യക്തമാക്കുന്നു. മാനസാന്തര സ്നാനത്തിലൂടെ യോഹന്നാൻ പഴയനിയമ ജനതയെ പുതിയനിയമ യുഗത്തിലേക്ക് സംക്രമിപ്പിക്കുന്ന പാലമായിത്തീരുന്നു. യോഹന്നാൻ നിയമങ്ങളുടെ ചരിത്രവഴിയിൽ ഒരു നാഴികക്കല്ലാകുന്നു. മരുഭൂമിയിലെ സന്യാസസംഘത്തോട് ചേർന്ന് പ്രവർത്തിച്ച ഋഷിവര്യനാണ് യോഹന്നാൻ. എസ്സീന്യ സമൂഹത്തിലെ അംഗമാണ് അദ്ദേഹമെന്ന് പൊതുവെ കരുതപ്പെടുന്നു.

അപ്പവീഞ്ഞുകൾ ഉപയോഗിച്ച രക്തരഹിത ബലിയനുഷ്ഠാനം അബ്രഹാമിന്റെ കാലത്ത് മൽകീസദെക് അനുഷ്ഠിച്ചിരുന്നതായി നാം വായിക്കുന്നുണ്ട്. അതുപോലെ പഴയനിയമസഭയിൽ മാമ്മൂദീസായും മാനസാന്തര സൂചകമായി നടത്തപ്പെട്ടിരുന്നു. രണ്ടും പ്രസ്ഥാനങ്ങളായി വളർന്ന് വന്നത് പുതിയനിയമ കാലത്താണെന്ന് മാത്രം. ഒന്ന് രക്തസഹിത ബലിയെ നീക്കം ചെയ്തു. അടുത്തത് സ്ത്രീപുരുഷ ഭേദമെന്യേ ഏവർക്കും സഭാംഗത്വം സാധ്യമാക്കി. യുഗപ്പകർച്ചയുടെ വ്യവസ്ഥാപിതമായ ഉദ്ഘാടകൻ ക്രിസ്തുവാണെങ്കിലും അതിന് വഴിഒരുക്കിയത് യോഹന്നാൻ ആണ്. പല അർത്ഥത്തിലും യോഹന്നാൻ നാഥാൻ പ്രവാചകനെ ഓർമ്മിപ്പിക്കുന്നു.

വായനകൾ: വി. മർക്കോസ് 10:13-16, 18:1-15, വി. മത്തായി 11:11-19, ഉൽപ. 21:1-21, പുറപ്പാട് 2:1-10, സങ്കീ. 127:1-5, ഏശായ 62:1-12, 1 യോഹ. 3:1-3, എഫേസ്യ 6:1-4, കൊലോസ്യർ 3:20-21, വി. ലൂക്കോസ് 1:57-80.

ഉല്പത്തിയിലെ വായന ഇന്നത്തെ പ്രമേയത്തിന് സമുചിതമായിരിക്കുന്നു. വന്ധ്യയെന്ന് കരുതിയ സാറ വാഗ്ദത്തപ്രകാരം അബ്രഹാമിന് ഇസഹാക്ക് എന്ന പുത്രനെ നൽകി. കല്പനപ്രകാരം ഇസഹാക്കിന് പരിച്ഛേദന നടത്തി. പഴയ വായനക്കുറിപ്പിൽ 9 മുതൽ 21 വരെ വാക്യങ്ങളാണ് കൊടുത്തിട്ടുള്ളത്. വാഗ്ദത്തപുത്രൻ ആഗതനായപ്പോൾ ദാസിയുടെ പുത്രൻ യിശ്മായേൽ പുറത്താക്കപ്പെടുന്നതാണ് അതിലെ പ്രധാന പ്രമേയം. ക്രിസ്തുവിന്റെ ജനനത്തോടെ പരിച്ഛേദനയും ന്യായപ്രമാണവും അപ്രസക്തമായി എന്ന ആശയം ആ ഭാഗത്തെ പ്രസക്തമാക്കുന്നു.

പുറപ്പാട് 2-ന്റെ 1-10 വാക്യങ്ങളിൽ മോശയുടെ ജനനമാണ് പരമാർശവിഷയം. പഴയ വായനക്കുറിപ്പിൽ 20-ന്റെ 1-10 വാക്യങ്ങളാണ്. അവിടെ പത്ത് കല്പനകൾ ദൈവം നൽകുന്നു. ന്യായപ്രമാണത്തിന്റെ അവതാരിക. യോഹന്നാൻ ആ ന്യായപ്രമാണകാലത്തിന്റെയും പഴയനിയമ പൗരോഹിത്യത്തിന്റെയും പ്രതിനിധിയാണല്ലോ. സങ്കീ. 127-ന്റെ 1-5-ൽ (ഈ വായന പഴയ കുറിപ്പിലില്ല) മക്കൾ യഹോവയുടെ ദാനം എന്ന ആശയം യോഹന്നാൻ എന്ന വീരനെ ചൂണ്ടിക്കാണിച്ച് പ്രമേയവത്ക്കരിക്കാം. ഏശായ 62:1-12-ൽ യരുശലേമിനെ ദൈവം യഥാസ്ഥാനത്താക്കുമെന്ന കേന്ദ്രആശയം ഇന്നത്തെ വിഷയത്തിന് അനുയോജ്യം. യോഹന്നാന്റെ ജനനം മൂലം സംഭവിക്കാനിരിക്കുന്ന വീണ്ടെടുപ്പിന്റെ പ്രതീക്ഷകൾ സഖറിയായുടെ പ്രസംഗത്തിലും നാം കാണുന്നുവല്ലോ.

മക്കളും കുടുംബനാഥനും തമ്മിലുള്ള അനുസരണവും അവരുടെ പരസ്പര കർത്തവ്യങ്ങളും എഫേസ്യ ലേഖനം ചർച്ച ചെയ്യുന്നു. രണ്ടുഉടമ്പടിയെ പ്രതിനിധാനം ചെയ്യുന്ന സാറയുടെയും ഹാഗാറിന്റെയും പുത്രന്മാരെക്കുറിച്ചുള്ള ഗലാത്യലേഖനത്തിലെ വായനയാണ് പഴയ കുറിപ്പിൽ കാണുന്നത്. ആ വായന കാലപശ്ചാത്തലത്തോട് കൂടുതൽ നീതി പുലർത്തുന്നുണ്ട്.

വായനക്കുറിപ്പിന് പുതിയ പരിവേഷം നൽകിയവർ അതിന്റെ പശ്ചാത്തലം വിസ്മരിച്ചതായി തോന്നുന്നു.

പെസ്ഗോമോ സങ്കീ. 48:11, 17:15. 'നിന്റെ ന്യായവിധികൾ നിമിത്തം സീയോൻ പർവ്വതം സന്തോഷിക്കുകയും യഹൂദാപുത്രിമാർ ആനന്ദിക്കുകയും ചെയ്യുന്നു.'

യോഹന്നാന്റെ ജനനത്തിന് സമുചിതമായ വാക്യം!!

"ഞാനോ, നീതിയിൽ നിന്റെ മുഖം കാണും. ഞാൻ ഉണരുമ്പോൾ നിന്റെ രൂപം കണ്ടു തൃപ്തനാകും.'

വാർദ്ധക്യത്തിൽ ജനിച്ച ഒരു പ്രവാചകശിശുവിന്റെ ലബ്ധിയിൽ കുടുംബവും ജനതയും ഒരുപോലെ തൃപ്തിയടയുന്നു. പിന്നാലെ വരുന്ന പ്രബലന്റെ മുമ്പിൽ വഴിയൊരുക്കുന്നതിൽ, വഴിമാറുന്നതിൽ തൃപ്തി കണ്ടെത്തുന്ന പ്രവാചകന്റെ പിറവിയോടുള്ള പ്രതികരണം.

G. യൗസേഫിന്റെ വെളിപാട്

യോഹന്നാന്റെ ജനനത്തോടെ യിസ്രായേലിൽ അത്ഭുത പിറവികൾ സംഭവിക്കുന്നതിന്റെ ശ്രുതികൾ പ്രചരിച്ചു തുടങ്ങി. തന്റെ ഭാര്യ ഗർഭിണിയാണെന്ന വാർത്ത യൗസേഫിൽ ഒരേസമയം സന്തോഷവും ദുഃഖവും ഉണ്ടാക്കി. ദൈവപുത്രന്റെ ആഗമനത്തിന് തന്റെ കുടുംബം തെരഞ്ഞെടുക്കപ്പെട്ടു എന്നത് സന്തോഷ കാരണം; താനുമായി സമാഗമം നടക്കുന്നതിന് മുമ്പ് തന്റെ പ്രിയ ഭാര്യ ഗർഭിണിയായി എന്നത് ദുഃഖകാരണം. യൗസേഫിലെ സത്യസന്ധനായ സമുദായഭക്തനും, നീതിമാനായ പുരുഷനും തമ്മിൽ നിരന്തര സംഘർഷം. യോഹന്നാന്റെ കാര്യത്തിൽ അറിയിപ്പുണ്ടായത് ഭർത്താവായ സഖറിയായ്ക്കാണ്. ഇവിടെ അറിയിപ്പുണ്ടായത് മറിയയ്ക്കാണ്. താൻ അവഗണിക്കപ്പെട്ടുവോ? യൗസേഫിലെ പുരുഷൻ മേൽക്കൈ നേടി. സമൂഹമദ്ധ്യേ തന്റെ ഭാര്യ ആക്ഷേപപാത്രമാവാതിരിക്കുവാൻ അവളെ ഗൂഢമായി ഉപേക്ഷിക്കുവാൻ നീതിമാനായ ആ ഭർത്താവ് തീരുമാനിച്ചു. എങ്കിലും തീരുമാനം ഉടനെ നടപ്പാക്കിയില്ല; അത് പ്രാർത്ഥനയ്ക്ക് വിഷയമാക്കി. കോപിപ്പിൻ, പാപം ചെയ്യരുത് എന്ന സങ്കീർത്തനഭാഗം യൗസേഫിന് ഹൃദിസ്ഥമായിരുന്നു. യൗസേഫിന്റെ സംഘർഷ-സമ്മർദ്ദഭരിതമായ ഹൃദയം സ്വർഗ്ഗം പരിഗണിച്ചു. ഗബ്രിയേൽ മാലാഖ യൗസേഫിന് സ്വപ്നത്തിൽ പ്രത്യക്ഷനായി. മറിയാമിന്റെ നിരപരാധിത്വത്തെക്കുറിച്ച് സാക്ഷ്യം നൽകി. അവൾ ഗർഭിണിയായത് പരിശുദ്ധാത്മാവിനാൽ ആണ്. യൗസേഫിന് മാലാഖ ഒരു ചുമതലയും നൽകി. ജനിക്കാനിരിക്കുന്ന കുഞ്ഞിന് 'യേശു' എന്ന് പേർ വിളിക്കണം. സ്വർഗ്ഗഹിതത്തിന് സന്തോഷത്തോടെ യൗസേഫ് കീഴടങ്ങുന്നു. തന്റെ ഭാര്യയെ അല്പനേരത്തേക്കെങ്കിലും അവിശ്വസിച്ചതിൽ യൗസേഫ് പശ്ചാത്തപിച്ചു. സ്വർഗ്ഗം അംഗീകരിച്ച അവളുടെ വിശുദ്ധിയെ യൗസേഫ് ആദരിക്കുവാൻ തുടങ്ങി. അവൾക്കാവശ്യമായ എല്ലാ ശുശ്രൂഷകളും യൗസേഫും മക്കളും സസന്തോഷം ഏറ്റെടുത്തു. മോശയെപ്പോലെ ദിവ്യഹിതത്തിന് എപ്പോഴും കീഴ്പ്പെടുന്ന പ്രകൃതം യൗസേഫിന്റെ സ്വഭാവത്തിന്റെ മഹത്വമാണ്. നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ എന്ന് പലവട്ടം പ്രാർത്ഥിക്കുമെങ്കിലും സ്വന്തം ഇഷ്ടം മേലും കീഴും നോക്കാതെ പ്രാവർത്തികമാക്കുന്നവരാണ് അധികവും. അവരുടെ മദ്ധ്യേ 'നിന്റെ രാജ്യം' ഒരിക്കലും വരികയില്ല എന്ന സന്ദേശം ആഗമനകാലത്തെ അടിവരയിട്ടു പ്രസ്താവിക്കുന്നു.

വായനകൾ: വി. യൂഹാനോൻ 6:30-46, വി. യോഹ. 30-46, ഉല്പ. 13:1-11, ഏശായ 1:2-9 (45:18-24), 1 പത്രോസ് 2:11-17 (2:1-10), ഗലാത്യർ 1:11-24, വി. മത്തായി 1:18-25.

അബ്രഹാം, ലോത്ത് എന്നിവർ വഴിപിരിയുന്ന സംഭവമാണ് ഉല്പത്തിയിലെ പ്രതിപാദ്യം. തന്റെ ഭാവി ദൈവഹിതത്തിന് വിട്ടുകൊടുക്കുന്ന അബ്രഹാം ഇവിടെ ശ്രദ്ധേയൻ. ഭൗമിക മാനദണ്ഡങ്ങൾ അബ്രഹാം പരിഗണിക്കുന്നില്ല. പ്രകടമായ നന്മയെ ലോത്ത് തെരഞ്ഞെടുത്തപ്പോൾ തന്റെ ഭാവി ദൈവം കാണിച്ചുതരുമെന്ന് അബ്രഹാം വിശ്വസിക്കുന്നു. ഈ വഴിയാണല്ലോ യൗസേഫും തെരഞ്ഞെടുത്തത്. ആഗമനകാലത്തിന് അനുയോജ്യമായ ധ്യാന വിഷയം തന്നെ.

യഹോവായിലുള്ള ആശ്രയം ശ്രേഷ്ഠം; അവിടെയാണ് ബലവും രക്ഷയും എന്ന് ഏശായ പ്രവാചകൻ. നീതിമാൻ ആയ യൗസേഫ് ആ രഹസ്യം ഗ്രഹിച്ചിരിക്കുന്നു. പ്രഥമദൃഷ്ട്യാ കയ്പുള്ളതെങ്കിലും ദീർഘവീക്ഷണത്തിൽ അതിന് മധുരം ഉണ്ട് നിശ്ചയം. ക്രിസ്തുവിൽ ദൈവം മനുഷ്യവർഗ്ഗത്തെ രാജകീയ, പുരോഹിതവർഗ്ഗവും സ്വന്തജനവും ആയി തെരഞ്ഞെടുത്തിരിക്കുന്ന വിവരം സംശയാതീതമായി അറിയിക്കുന്ന യൗസേഫിന്റെ ദർശനത്തിന്റെ പൊരുളും അതു തന്നെ.

പെസ്ഗോമോ സങ്കീ. 89:19; 17:15. "അന്ന് നീ ദർശനത്തിൽ നിന്റെ ഭക്തന്മാരോട് അരുളിചെയ്തത്: ഞാൻ വീരൻ ആയ ഒരുവന് സഹായം നൽകുകയും ജനത്തിൽനിന്ന് ഒരു ശ്രേഷ്ഠനെ ഉയർത്തുകയും ചെയ്തു."

ആഗമനകാലത്തെ പ്രസക്തമാക്കുന്ന പ്രവചനം ദർശനത്തിൽ യൗസേഫ് കേട്ട വാക്യങ്ങളിലെ ആശയം താരതമ്യം ചെയ്യാവുന്നതാണ്.

"ഞാനോ നീതിയിൽ നിന്റെ മുഖം കാണും. ഞാൻ ഉണരുമ്പോൾ നിന്റെ രൂപം കണ്ട് തൃപ്തനാകും." ദർശനത്തിന് ശേഷം യൗസേഫിന്റെ ധ്യാന പ്രാർത്ഥനയ്ക്ക് അനുയോജ്യമായ പ്രാർത്ഥന. ഉറങ്ങുവാൻ ഒരുങ്ങുമ്പോൾ ഈ വാക്യങ്ങൾ ധ്യാനിക്കുന്നത് മനസ്സിനെ ശാന്തമാക്കും. പ്രത്യാശയിലാണല്ലോ മനുഷ്യമനസ്സ് സംതൃപ്തി അടയുന്നത്.

H. ജനനത്തിന് മുമ്പുള്ള ഞായർ

ക്രിസ്തുസംഭവത്തിന് മുമ്പുള്ള ചരിത്രപരമായ സംഭവങ്ങൾ അവതരിപ്പിച്ചു കഴിഞ്ഞു. ഈ ആഴ്ച, കൂദൊശ് ഈത്തോ ഞായറാഴ്ചയിലും ഹൂദൊസ് ഈത്തോയിലും നാം സ്മരിച്ച ദേവാലയസ്ഥാപനം, ശുദ്ധീകരണം, പ്രതിഷ്ഠ എന്നിവയുടെ കാലദൈർഘ്യത്തിനും അപ്പുറത്ത് പ്രപഞ്ചസൃഷ്ടി മുതൽ ഉള്ള കാലദൈർഘ്യം ഉൾക്കൊള്ളാനുള്ള ശ്രമമാണ് കാണുന്നത്. യഹൂദന്മാരെ മുഖ്യമായും ഉദ്ദേശിച്ച് സുവിശേഷം രചിച്ച വി. മത്തായി, അബ്രഹാം മുതലുള്ള തിരഞ്ഞെടുക്കപ്പെട്ട ജാതിയുടെ രക്ഷാപുരുഷനായും സർവ്വ ജനങ്ങൾക്കും വേണ്ടി സുവിശേഷം രചിച്ച വി. ലൂക്കോസ് ആദാം മുതലുള്ള മനുഷ്യസാകല്യത്തിന്റെ രക്ഷാപുരുഷനായും യേശുവിന്റെ ആഗമനത്തെ അവതരിപ്പിക്കുവാൻ ശ്രമിക്കുന്നു. ആദാം, അബ്രഹാം, മോശ തുടങ്ങിയവർ മനുഷ്യചരിത്രത്തിലെ നിർണ്ണായക കാലഘട്ടങ്ങളുടെ നാഴികക്കല്ലുകൾ ആകുന്നു. ഇവരുടെയെല്ലാം രക്ഷകൻ ആഗമിക്കുന്നു എന്നാണ് അറിയിപ്പുകാലത്തിന്റെ സന്ദേശം. ഭൂതകാലത്തെ മുഴുവൻ ചരിത്രത്തെയും സംവഹിക്കുന്ന വർത്തമാനകാലം, നരബലി, മൃഗബലി തുടങ്ങിയ പാപപരിഹാരമാർഗ്ഗങ്ങളിലൂടെ പരിണമിച്ച് രക്തരഹിത ബലിയിലൂടെയുള്ള പാപപരിഹാരത്തിന്റെ ലോകസ്ഥാപനത്തിന് മുമ്പ് നിശ്ചയിക്കപ്പെട്ട സ്വർഗ്ഗീയ പദ്ധതിപ്രകാരം 'കൈകൾ കൂടാതെ വെട്ടിയെടുക്കപ്പെട്ട ശില'യായി ത്രിത്വത്തിലെ രണ്ടാമൻ മനുഷ്യവർഗ്ഗ പിതാവായ ആദാമിനോട് താദാത്മ്യപ്പെടുവാൻ ചരിത്രത്തിൽ ആഗതനാവുന്നു എന്ന സുവാർത്തയാണല്ലോ ഈ 'കാലം' ആരാധകർക്ക് നൽകുന്നത്. ന്യായവിധിയ്ക്കായി ഒടുവിൽ മഹത്വത്തോടെ ക്രിസ്തു, രാജാവായി ആഗതനാവുമെന്ന രണ്ടാം വരവിന്റെ സുനിശ്ചിതത്വം ഈ ആഴ്ചകളിലെ വായനകളിൽ വ്യംഗ്യമധുരമായി ധ്വനിക്കുന്നുണ്ട്. കൂദൊശ് ഈത്തോയുടെയും മറ്റും സാംഗത്യം വ്യക്തിജീവിതത്തിൽ അനിവാര്യമാകുന്നത് ഈ ഭാവികാല ന്യായവിധിയുടെ പശ്ചാത്തലത്തിലാണ്. ത്രികാലങ്ങൾ ഈ ഭൂതകാലചർച്ചയിൽ അപ്രകാരം പ്രസക്തവും ശ്രദ്ധേയവും ആകുന്നു. ആരാധനാവർഷത്തിലെ ആദ്യ 'കാല'ത്തിന് നിർവഹിക്കുവാനുള്ള ദൗത്യം ഈ കാലത്രയവ്യാപിയായ 'രണ്ട്' ആഗമനവൃത്താന്തങ്ങളുടെയും ചിന്ത ആരാധകമനസ്സിൽ ജ്വലിക്കുന്ന അനുഭവമായി നിലനിർത്തുക എന്നത് തന്നെയാണ്.

സ്വന്തത്തിലേക്ക് താൻ വന്നു; സ്വന്തക്കാർ തന്നെ കൈക്കൊണ്ടില്ല എന്നതിലെ 'സ്വന്ത' പദത്തിന് കുറഞ്ഞപക്ഷം ത്രിമാനശോഭയുള്ളത് നാം കാണാതിരുന്നു കൂടാ. മോശയിൽക്കൂടെ താൻ വിളിച്ച ദേവാലയത്തിന്റെ തിരസ്കാരമാണ് ഒരു തലം. മോശയുടെ ദേവാലയവും പൗരോഹിത്യവും യേശുവിനെ നിരസിച്ചുവല്ലോ. അബ്രഹാമിലൂടെ ദൈവം തെരഞ്ഞെടുത്ത വിശ്വാസികളെ കൂടുതൽ വ്യാപകമായ അർത്ഥത്തിൽ സ്വന്തക്കാർ എന്ന പദം അർത്ഥമാക്കുന്നു. ദാവീദിന്റെ തലസ്ഥാനനഗരിയായ ബേത്‌ലഹേം അവന്റെ പിറവിക്ക് ഇടം നൽകാതെ അവനെ നിരാകരിച്ചുവല്ലോ. രണ്ടാമത്തെ തലം അബ്രഹാമിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും പുത്രന്മാർ ക്രിസ്തുവിനെ ക്രൂരമായി തിരസ്ക്കരിച്ചുവല്ലോ. മൂന്നാമത്തെ തലം ആദാം പ്രതിനിധാനം ചെയ്യുന്ന മനുഷ്യവർഗ്ഗത്തിന്റെ തിരസ്ക്കാരമാണ്. ആയത് ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. രക്ഷയുടെ ദാതാവായ മനുഷ്യപുത്രനെ വധിക്കുവാൻ കുരിശുപണിയുന്ന ആദാമിന്റെ മക്കൾ. ഈ സാർവകാലികവും ത്രിമാനപ്രസക്തവുമായ കാലാതീത സന്ദേശം നൽകിയിട്ടേ അറിയിപ്പുകാലം ആഗമനപ്പെരുന്നാളിലേക്ക് പ്രവേശിക്കുന്നുള്ളു.

വായനകൾ: വി. മത്തായി 1:1–18, വി. യോഹ. 1:1–18, ഉൽപ. 46:8–27, 1 രാജാ. 9:3–7, ഏശായാ 7:14–15, 11:1–9, പ്രവൃത്തി 3:16–26, റോമർ 4:13–25, വി. ലൂക്കോസ് 3:23–38.

ക്ഷാമകാലത്ത് മിസ്രയീമിലെത്തിയ യിസ്രായേൽ മക്കളുടെ പേരുകൾ ഉല്പത്തിപ്പുസ്തകം നൽകുന്നു. കൽപനകൾ പ്രമാണിക്കുമെങ്കിൽ യിസ്രായേൽ രാജത്വം സ്ഥിരവും ശാശ്വതവും ആക്കും എന്നും മറിച്ചായാൽ അതിനെ ഉന്മൂലനപ്പെടുമെന്നും ഉള്ള അതിശക്തമായ മുന്നറിയിപ്പ് കാലാതീതമായ മുന്നറിയിപ്പ് ആകുന്നു. ക്രിസ്തീയ ജീവിതത്തിൽ ജാഗ്രതയും അനുസരണവും ദൈവഭയവും വലിയതാകുന്നു. രക്ഷയും നാശവും നിർണ്ണയിക്കുന്നതിൽ അതിന് വലിയ പങ്കുണ്ട്. യേശുവിൽ സർവപ്രവചനങ്ങളും പൂർത്തീകരിക്കപ്പെടുന്നു. അവൻ രക്ഷയുടെ വാതിലും രക്ഷാദാതാവുമായി പ്രവാചകന്മാർ വരച്ചുകാട്ടിയിരിക്കുന്നു. ഈ മഹാപ്രവാചകന്റെ വാക്കു കേൾക്കാത്തവർ ഛേദിക്കപ്പെടും. ഈ സന്ദേശത്തിന് കാലദേശാതിർത്തികളില്ല. അബ്രഹാമിന്റെ വാഗ്ദത്ത സന്തതി എന്നപോലെ രക്ഷ അവിശ്വസനീയമായി പൊട്ടിപ്പുറപ്പെടും. വിശ്വാസം അനിവാര്യം, അബ്രഹാമിന്റെ പൈതൃകം അതാണ് നമ്മെ അനുസ്മരിപ്പിക്കുന്നത്.

പെസ്ഗോമോ സങ്കീ. 2:7; 110:3. "ഞാൻ ഒരു നിർണ്ണയം പ്രസ്താവിക്കുന്നു. യഹോവ എന്നോട് അരുളിച്ചെയ്തത്; നീ എന്റെ പുത്രൻ. ഇന്ന് ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു."

"നിന്റെ യുദ്ധദിവസത്തിൽ നിന്റെ ജനം നിനക്ക് സ്വമേധയാ ഉള്ള അർപ്പണമായിരിക്കുന്നു. വിശുദ്ധ വസ്ത്രാലങ്കാരത്തോടുകൂടെ ഉഷസിന്റെ ഉദരത്തിൽനിന്ന് യുവാക്കളായ മഞ്ഞ് നിനക്ക് വരുന്നു."

പോരാട്ടത്തിൽ വീര്യം നിറഞ്ഞ യുവത്വം നിന്നെ സേവിക്കുന്നു. ദിവ്യാഗമനത്തിന്റെ ഫലം!! അബ്രഹാം മുതൽ ക്രിസ്തു വരെ തലമുറകൾ 42 (14 x 3) എന്ന് വി. മത്തായി വിവരിക്കുന്നു.

അബ്രഹാം, ദാവീദ്, ബാബിലോൺ പ്രവാസം, ക്രിസ്തു ഈ നാഴികക്കല്ലുകളും വി. മത്തായി നൽകുന്നു. ആറ് ശബ്ബത് വർഷങ്ങൾ ആണ് ഈ കാലയളവിൽ വി. മത്തായി നൽകുന്നത്.

വി. ലൂക്കോസ് തലമുറകളുടെ എണ്ണം പറയുന്നില്ല. എന്നാൽ അദ്ദേഹം നൽകുന്ന വംശാവലി ആദം ദൈവത്തിന്റെ മകൻ എന്നതിൽ ആരംഭിക്കുന്നു. അവസാനിക്കുന്നത് മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ പരിത്രാതാവ് ആണ് ക്രിസ്തു എന്ന വിവക്ഷയിലാണ്. ആഗമനകാലം (അറിയിപ്പുകാലം) ആദാം മുതൽ ക്രിസ്തുവിന്റെ ജനനം വരെയുള്ള കാലദൈർഘ്യം ഉൾക്കൊള്ളുന്നു എന്ന് ഈ വംശാവലി വ്യക്തമാക്കുന്നു. ഇതിൽ സ്ത്രീകളുണ്ട്, പാപികളുണ്ട്. രക്ഷയിൽ ആരും അന്യരല്ല എന്ന സന്ദേശം ഘോഷിക്കുന്നു ഈ വസ്തുതകൾ.

മാർത്തോമ്മാശ്ലീഹാ രക്തസാക്ഷിത്വം വരിച്ചതിന്റെ പെരുന്നാൾ ഡിസംബർ 21–ന് ആണ്. 18–ന് ശ്ലീഹാ കുന്തം ഏറ്റതായും 21–ന് മരണമടഞ്ഞതായും വിശ്വസിക്കപ്പെടുന്നു. അന്നേദിവസം ഇന്ത്യൻ സഭയുടെ സ്ഥാപക സ്മരണയായി ആചരിക്കപ്പെടണം. മറ്റേതൊരു പൂർവിക സഭയെയുംപോലെ ഇന്ത്യൻസഭയുടെ അപ്പോസ്തോലികത ആ പിതാവിൽ നിന്ന് ആരംഭിക്കുന്നു. 'എന്റെ കർത്താവും ദൈവവുമേ' എന്ന് ശ്ലീഹാ സാക്ഷിച്ച നിർവചനം ധ്യാനിച്ചുകൊണ്ട് രക്ഷകന്റെ ആഗമനത്തെ വരവേൽക്കാം.


കൂദൊശ് ഈത്തോയിൽ ഒന്നാം രാഗത്തിൽ ആരാധനയുടെ രാഗചക്രം ആരംഭിക്കുന്നു. പിറവിക്കു മുമ്പുള്ള ഞായറാഴ്ചയിൽ അനുക്രമമായി അത് എട്ടിൽ എത്തുന്നു. അതോടെ രാഗചക്രത്തിന്റെ ഒന്നാംഘട്ടം പൂർത്തിയാവുകയായി. എട്ടാം രാഗം പൊതുവെ അന്തരിച്ചവരെ സ്മരിക്കുന്നതിനായി ക്രമീകരിച്ച രാഗമാണ്. പിറവിക്കു മുമ്പുള്ള ഞായറാഴ്ചയിൽ വംശാവലിയിൽ കൂടെ അന്തരിച്ച പൂർവപിതാക്കന്മാരെ സ്മരിക്കുന്നതിനാൽ അന്നേദിവസം ആരാധനയിൽ എട്ടാം രാഗം ഉപയോഗിക്കുന്നതിന് സവിശേഷമായ സാംഗത്യമുണ്ട്.

(തുടരും)



കോലഞ്ചേരി സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളിയുടെ ഉടമസ്ഥതയിലുള്ള സെന്റ് പീറ്റേഴ്സ് ഹയർ സെക്കന്ററി സ്കൂളിൽ പുനർ നിർമ്മിക്കുന്ന ഓഡിറ്റോറിയത്തിന് ഡോ. മാത്യൂസ് മാർ സേവേറിയോസ് ശിലാസ്ഥാപനം നടത്തി. ഇടവക വികാരി ഫാ. ജേക്കബ് കുര്യൻ, സഹവികാരിമാരായ ഫാ. ചാണ്ടി, ഫാ. ജോബി, സ്കൂൾ മാനേജർ ഫാ. കുര്യാക്കോസ് എന്നിവർ സമീപം.

വചനതീർത്ഥം



സാക്ഷാൽ ഓർത്തഡോക്സുകാരനാവുക

ദനഹായ്ക്കുശേഷം രണ്ടാം ഞായർ

(വി. യോഹന്നാൻ 1:43-51)

ഫാ. വിനോദ് ജോർജ്

(മാനേജർ, വെട്ടിക്കൽ ദയറാ)

യേശുക്രിസ്തു തന്റെ പരസ്യശുശ്രൂഷ സമാരംഭിക്കുമ്പോൾ, ശിഷ്യന്മാരെ തെരഞ്ഞെടുക്കുന്നുണ്ട്. കഴിഞ്ഞ ഞായറാഴ്ച നാലു ശിഷ്യന്മാരെ തെരഞ്ഞെടുക്കുന്നത് വായിക്കുകയും ധ്യാനിക്കുകയും ചെയ്തു. ഇന്നത്തെ ഞായറാഴ്ച മറ്റു രണ്ടു ശിഷ്യന്മാരെ തെരഞ്ഞെടുക്കുന്നതാണ് വിവരിക്കുന്നത്. ഫീലിപ്പോസ്, നഥാനിയേൽ (ബർത്തുൽമായി) എന്നിവരെ യേശു തെരഞ്ഞെടുക്കുന്നു (വി. യോഹന്നാൻ 1:43-51).

യേശുവിന്റെ Good Certificate കിട്ടിയ നഥാനിയേൽ

ജീവിതത്തിൽ ധാരാളം വ്യക്തിത്വങ്ങൾ നമ്മെ സ്വാധീനിക്കാറുണ്ട്. എല്ലാ മേഖലകളിൽനിന്നും അങ്ങനെയുള്ളവർ ഉണ്ടാകും. രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക, കായിക, ആത്മിക മേഖലകളിൽ നിന്നെല്ലാം അങ്ങനെയുള്ളവരെ കാണാം. ജീവിച്ചിരിക്കുന്നവരും മരിച്ചുപോയവരും അതിൽ ഉൾപ്പെടാം. വി. വേദപുസ്തകത്തിൽ അങ്ങനെയുള്ള വ്യക്തിത്വങ്ങളെ ധാരാളമായി കാണാം. അതിൽ പ്രധാനപ്പെട്ട ഒരു വ്യക്തിയാണ് നഥാനിയേൽ.

യേശുക്രിസ്തു നഥാനിയേലിനെക്കുറിച്ച് പറയുന്ന വാചകമാണ്, അദ്ദേഹത്തിന്റെ വ്യക്തിത്വത്തെ സ്വാധീനിക്കാൻ കാരണം. വി. യോഹന്നാൻ 1:47: 'ഇതാ, സാക്ഷാൽ ഇസ്രായേല്യൻ; ഇവനിൽ കാപട്യം ഇല്ല.' യേശുവിന്റെ നല്ല സാക്ഷ്യം ലഭിക്കുക എന്നത് നിസ്സാരമല്ല. സാധാരണ മനുഷ്യന്റെ സാക്ഷ്യമല്ല; വീട്ടുകാരുടെയോ, നാട്ടുകാരുടെയോ, കൂട്ടുകാരുടെയോ സാക്ഷ്യമല്ല. ഹൃദയവും മനസ്സും ആത്മാവും വ്യക്തമായി അറിയുന്ന ക്രിസ്തു തന്നെ സാക്ഷ്യപ്പെടുത്തുന്നതാണിത്.

സത്യവും ആത്മാർത്ഥതയും ഹൃദയവിശുദ്ധിയും യേശുവിന്റെ നല്ല സാക്ഷ്യം ലഭിക്കുന്നതിനുള്ള കാരണമാണ്. യേശു അംഗീകരിക്കുന്നതും തന്റെ ശിശ്യന്മാരുടെ സംഘത്തിലേക്ക് ചേർക്കുന്നതും പുറവും അകവും ശുദ്ധിയുള്ളവരെയാണ്.

നമ്മുടെ ജീവിതലക്ഷ്യവും യേശുക്രിസ്തുവിൽ നിന്ന് Good Certificate സമ്പാദിക്കുക എന്നതായിരിക്കണം. ആയതിന് നാട്യവും അഭിനയവും മതിയാകില്ല. ഹൃദയത്തിന്റെ വിശുദ്ധിയാണ് യേശു അളന്നു നോക്കുന്നത്. 1 ശമുവേൽ 16:7 "മനുഷ്യൻ നോക്കുന്നതുപോലെയല്ല; മനുഷ്യൻ കണ്ണിനു കാണുന്നതുപോലെ നോക്കുന്നു; യഹോവയോ ഹൃദയത്തെ നോക്കുന്നു."

രാഷ്ട്രനിയമവും സംസ്ക്കാരവും അനുഷ്ഠിക്കുക

നഥാനിയേലിന്റെ രാജ്യത്തിന്റെ പേരു പറഞ്ഞുകൊണ്ടാണ് യേശു, ആ രാജ്യത്തിന്റെ യഥാർത്ഥ പുത്രൻ എന്ന് വിശേഷിപ്പിക്കുന്നത്. 'ഇതാ; സാക്ഷാൽ ഇസ്രായേല്യൻ.' ഇസ്രായേൽ എന്ന രാജ്യത്തിന്റെ നിയമങ്ങളും സംസ്കാരവും ഭരണഘടനയും കൃത്യമായി പാലിക്കുന്നവൻ എന്നതാണ് അതിന്റെ അർത്ഥം.

ഭാരതീയൻ, മലയാളി, ക്രിസ്ത്യാനി, ഓർത്തഡോക്സ് എന്നതെല്ലാം നമ്മുടെ വ്യക്തിത്വങ്ങളുടെ ഭാഗമാണ്. അതിന്റെ മൂല്യങ്ങളും തത്വങ്ങളും ഉയർത്തിപ്പിടിക്കുവാൻ നമുക്ക് സാധിക്കണം. നാം ആയിരിക്കുന്ന രാജ്യത്തിന്റെ നിയമങ്ങളും ഭരണഘടനയും അംഗീകരിക്കുവാൻ ഏതൊരു പൗരനും ബാദ്ധ്യസ്ഥതയുണ്ട്. നിയമവാഴ്ചയെ അംഗീകരിക്കണം. കോടതി വിധികൾ അനുസരിക്കുവാൻ തയ്യാറാവണം.

മലയാളിക്ക്, മലയാള ഭാഷ അവരുടെ വികാരവും ആത്മാഭിമാനവുമാണ്. പക്ഷേ ഇന്ന്, കേരളത്തിനു പുറത്ത് ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലും വിദേശത്തും കുടിയേറി പാർക്കുന്ന മലയാളികളിൽ ഭൂരിഭാഗവും മലയാള ഭാഷയെ തിരസ്കരിക്കുന്നു എന്നത് നിരാശാജനകമാണ്.

ഓർത്തഡോക്സ് സഭയിൽ അംഗങ്ങളായിരിക്കുന്നവർ സഭയുടെ നിയമങ്ങളും കാനോനാകളും ആചാരാനുഷ്ഠാനങ്ങളും അനുസരിക്കുവാനും അനുഷ്ഠിക്കുവാനും ബാധ്യത ഉള്ളവരാണ്. ഓർത്തഡോക്സ് സഭയുടെ അംഗമായിരിക്കുകയും മറ്റു സഭാകൂട്ടായ്മകളിൽ പോയി ഓർത്തഡോക്സ് സഭയെ കുറ്റപ്പെടുത്തുവാനും അപമാനിക്കാനും ശ്രമിക്കുന്നവർ യേശുവിന്റെ സാക്ഷ്യത്തിന് അർഹരാകുകയില്ല.

നോമ്പും ഉപവാസവും പ്രാർത്ഥനയും ആത്മീയ ആചാരാനുഷ്ഠാനങ്ങളും എല്ലാം സഭയുടെ കല്പനകളിലൂടെ നമുക്ക് ലഭിച്ചതാണ്. അത് കൃത്യമായും ആത്മാർത്ഥമായും അനുഷ്ഠിക്കുന്നവർക്ക് 'സാക്ഷാൽ ഓർത്തഡോക്സുകാർ' എന്ന Good Certificate യേശുവിൽ നിന്നു ലഭിക്കും.

കപടത, യേശുവിന്റെ ദേഷ്യത്തിനു കാരണം

കാപട്യത്തോടെയുള്ള ജീവിതവും പ്രവൃത്തിയും യേശുക്രിസ്തുവിന് ഏറ്റവും ദേഷ്യവും കോപവും ഉണ്ടാക്കിയ ജീവിതശൈലിയായിരുന്നു. കപടത, എവിടെ കണ്ടാലും യേശു, രൂക്ഷമായി ശകാരിക്കുകയും വിമർശിക്കുകയും ചെയ്തിരുന്നു.

കപടഭക്തിക്കാരായ ശാസ്ത്രിമാരെയും സാദൂക്യരെയും പരീശന്മാരെയും വളരെ വലിയ കോപത്തോടെയാണ് സമീപിച്ചത്. അവരുടെ മുഖത്തു നോക്കി 'നിങ്ങൾ വിഷപ്പാമ്പുകളാണ്, കുരുടന്മാരാണ്, വെള്ള തേച്ച ശവക്കല്ലറകളാണ്, സർപ്പസന്തതികളാണ്' എന്നൊക്കെ യേശു വിളിച്ചിട്ടുണ്ട്. ആ വിളികളിലൊക്കെ യേശുവിന്റെ കോപവും ശകാരവും കാണാം.

കാപട്യം ഇല്ലാത്തവരെയെല്ലാം യേശു സ്നേഹിക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. നഥാനിയേലിനെ ഇഷ്ടപ്പെട്ടതും അംഗീകരിച്ചതും തന്റെ ശിഷ്യനാക്കിയതും 'അവനിൽ കാപട്യമില്ല' എന്ന ക്വാളിറ്റി എടുത്തുപറഞ്ഞുകൊണ്ടാണ്. സങ്കീ. 32:2, 'ആത്മാവിൽ കാപട്യം ഇല്ലാത്ത മനുഷ്യൻ ഭാഗ്യവാൻ.'

ആദ്ധ്യാത്മിക അന്വേഷണത്തിന്റെ ഫലം

മശിഹായെ അന്വേഷിച്ച് നടന്ന നഥാനിയേൽ, യേശുവിനെ നേരിൽ കണ്ടു അത്ഭുതപരവശനാകുന്നത് ഇന്നത്തെ വി. വേദഭാഗത്ത് നാം ശ്രദ്ധിക്കുന്നതാണ്.

ന്യായപ്രമാണത്തിൽ മോശയും പ്രവാചകന്മാരും എഴുതിയിരിക്കുന്നവനെ അന്വേഷിച്ചു നടക്കുകയായിരുന്നു നഥാനിയേൽ. മശിഹാ വരുമെന്ന് അവന് അറിയാം. മശിഹാ എവിടെയാണ് പിറക്കുന്നത്? എങ്ങനെയാണ് ലോകത്തിൽ അവതരിക്കുന്നത്? രക്ഷകനായും രാജാവായും എഴുന്നെള്ളുമെന്ന് നഥാനിയേൽ വിശ്വസിച്ചു. താൻ വായിച്ചതും പഠിച്ചതും അനുസരിച്ച്, മശിഹാ നസ്രേത്തിൽ നിന്ന് വരുകയില്ലെന്നും, യൗസേഫിന്റെ മകനായി പിറക്കുവാൻ സാധ്യതയില്ലെന്നും നഥാനിയേൽ വിചാരിച്ചു.

മശിഹായെ കാണിച്ചുതരണമേ എന്ന് നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരുന്ന നഥാനിയേലിന്റെ അടുക്കൽ വന്നാണ് ഫീലിപ്പോസ് പറയുന്നത്, 'ന്യായപ്രമാണത്തിൽ മോശെയും പ്രവാചകന്മാരും എഴുതിയിരിക്കുന്നവനെ കണ്ടെത്തിയിരിക്കുന്നു. അവൻ യോസേഫിന്റെ പുത്രനായ യേശു എന്ന നസ്രേത്തുകാരൻ തന്നേ' (വി. യോഹന്നാൻ 1:45) എന്ന്.


ആദ്ധ്യാത്മിക അന്വേഷണത്തിൽ വ്യാപൃതനായ നഥാനിയേൽ യേശുവിന്റെ ശിഷ്യനായി മാറി. ❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Church Calendar

Pride and Prejudice!

2nd Sunday after the Baptism of our Lord



Fr. Dr. Joshi Varghese, Bhilai
(Diocesan Education Officer & PRO, Calcutta Diocese)

Evening : St. John 1:26-34. Morning: St. John 1:35-42. Before Holy Qurbana: Leviticus22: 26-33, Proverbs9 : 1 – 9, Isaiah 51:1-8 Holy Qurbana : I Peter3: 7-15, Hebrews1: 1, 2: 4 St. John 1: 43 – 51

The opening chapter of St. John's gospel describes how the early apostles got acquainted with Jesus. John the Baptist introduced Jesus as 'the Lamb of God' (1: 36) and two of his disciples (one was Andrew) followed Jesus and stayed with him for the rest of the day. The next day Philip was 'found' by Jesus and was asked to follow him. Philip further found Nathanael and shares the good news that he has 'found him about whom Moses in the law and also the prophets wrote' (Jn 1:45). After the initial hesitancy Nathanael visits Jesus.

a. The shadow of prejudice

The first response of Nathanael about Jesus being the Messiah was, "Can anything good come out of Nazareth?" (Jn 1:46), a deriding reference to the place where Jesus grew up. Nazareth had no claim to fame and we don't find any reference to the place in the Old Testament. It was probably little known outside Galilee and that may be the reason that the synoptic gospel writers had to explain to their readers that Nazareth was — a town in Galilee — when they first mentioned it (Matthew 2:23; Mark 1:9; Luke 1:26). Nathanael erred in assuming that the obscurity of the place would mean that no person of significance can come out of there. His response came from the assumption that people of a particular place behave in a peculiar way. It may not be unusual to find a few common traits among people of a region but to assert that a person would be stupid or brilliant just because of his connection to a place, race, language etc. would be improper.

Nathaniel was able to find Jesus as he allowed his better sense to prevail over his prejudice. We may also be harbouring, similar prejudices against others. These prejudices might have been transmitted to us from the collective consciousness of the society or formed on the basis of a one-off experience**. Let us move away from the shadow of these personal and social prejudices and view people in the Light of the love of God.**

b. Chauvinistic pride

Pride is the partner-in-crime with prejudice. Looking down on people or society on the basis of some prejudice would gradually lead into a false pride about one's position. Prejudicial belittling of others leads to boosting of one's own pride. Nathanael was happy that he didn't belong to Nazareth and was proud to be from Cana (Jn 21:2).

In the modern times we are witness to instances of jingoistic pride in many parts of the world; both east and west alike. Even the developed countries hailed as models of inclusive societies have reported incidents of violence stemming out of such hyper nationalistic pride. Leaders and political parties try to whip up such pride either in the name of religion or nation to fulfill their selfish agenda. It creates disharmony in society and makes communities / nations hostile to each other on the falsehood of such communal pride. **The persecutions of Christians in Nigeria, Turkey and other places by the Muslims or that of the Rohingya Muslims by the Buddhists are sad tales of pride and prejudice. It is our duty to work and pray for the solidarity of all irrespective of any discrimination**. St. Paul reminds that "There is no longer Jew or Greek, there is no longer slave or free, there is no longer male and female; for all of you are one in Christ Jesus" (Gal 3:28) and let's work to fulfill that dream.

c. Unconditional acceptance

The pride or prejudice of Nathanael did not become a reason for Jesus to reject him. Jesus saw through Nathanael, found his right motives and received him. The beautiful picture of Nathaniel meeting Jesus is strong enough to instill hope in any heard hearted person. In spite of Nathaniel's reservations about Nazareth, Jesus happily welcomed him; rather he applauded him as "Here is truly an Israelite in whom there is no deceit!" (Jn 1:46). Jesus didn't berate Nathanael for his 'objectionable' conversation with Philip about his hometown, Nazareth. Rather he appreciated his eagerness to learn the Word of God (scholars infer that 'sitting under fig tree' refers to studying and meditating Torah). **The incident teaches us to see the worth of the individuals in spite of their faults, idiosyncrasies or prejudices and accept them unconditionally, for they are 'Israel- people of God'**.

d. Come and See

Philip's answer to Nathanael's prejudicial question was "Come and see" (Jn 1:46b). He didn't try to win over Nathanael through arguments; instead he called out to have first-hand experience of what was talked about. Sometimes we succumb to the mistake of winning over others with our arguments. It's rightly said that one can win an argument but lose the friend. Philip neither wanted to waste his time in arguments nor to lose his friend. Hence he invited him to come and witness himself, for he was sure about the outcome of Nathanael's meeting with Jesus.

Are we able to invite people of other faith to 'come and see' our families and faith communities? If they come, would they be able to witness Christ in our families and worshipping communities?

Conclusion

In the Gospel we read about those who found Jesus as well as those who were found by Jesus. If we are blinded with pride or prejudice, let's discard it. Like Philip we have the responsibility to be instruments to bring others to the presence of God. Let us sanctify our lives and invite others to 'come and witness' God Almighty

❑



സുപ്രീം കോടതി വിധി നടപ്പാക്കാത്തതിലും സർക്കാർ നടത്തുന്ന നീതിനിഷേധത്തിനും പക്ഷപാത നടപടികൾക്കും എതിരെ ഓർത്തഡോക ്സ് സഭ അങ്കമാലി ഭദ്രാസന ആസ്ഥാനമായ ആലുവ തൃക്കുന്നത്ത് സെമി നാരിയിൽ കൂടിയ യോഗം ശക്തമായി പ്രതിഷേധിച്ചു. യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപോലീത്താ അധ്യക്ഷത വഹിച്ചു, തോമസ് പോൾ റമ്പാൻ മുഖ്യപ്രഭാഷണം നടത്തി. ദദ്രാസന സെക്രട്ടറി ഫാ. എൽദോ ഏലിയാസ് പ്രതിഷേധ പ്രമേയം അവതരിപ്പിച്ചു.



ഡോ. ഗീവർഗീസ് മാർ യൂലിയോസ് പുതുതലമുറയിലെ ശ്രദ്ധേയയായ എഴുത്തുകാരി ശ്രേയയെ സന്ദർശിച്ച് അഭിനന്ദിച്ചു. ശ്രേയയുടെ 'ഒരു മഴ പെയ്തെങ്കിൽ' എന്ന പുതിയ കവിതാ സമാഹാരത്തിന്റെ പ്രകാശനം കഴിഞ്ഞ ദിവസം നടന്നിരുന്നു. ഫാ. സോളു കോശിയുടെ മകളാണ്.

മാറിക പള്ളി 1934-ലെ സഭാ ഭരണഘടന പ്രകാരം ഭരിക്കണം

മൂവാറ്റുപുഴ: മാറിക സെന്റ് തോമസ് പള്ളി 1934ലെ സഭാ ഭരണഘടനാ പ്രകാരം ഭരിക്കപ്പെടണമെന്നു മൂവാറ്റുപുഴ സബ് കോടതി വിധിച്ചു.

ഈ പള്ളി സ്വതന്ത്രമായ പള്ളിയെന്നും ഏതാനും ആളുകൾ ചേർന്ന് നിർമ്മിച്ചതാണെന്നും അതിനാൽ മലങ്കരസഭയിൽ ഉൾപ്പെട്ട പള്ളിയല്ല എന്നും 1934 ഭരണഘടന ബാധകമല്ല എന്നും വിഘടിത വിഭാഗം തർക്കം ഉന്നയിച്ചു എങ്കിലും അതൊന്നും നിലനിൽക്കുന്ന വാദമല്ല എന്ന് കോടതി പറഞ്ഞു.

1934 ഭരണഘടന ഒറിജിനലൊ സർട്ടിഫൈഡ് കോപ്പിയൊ ഹാജരാക്കാത്തത് കാരണം കേസ് നിലനിൽക്കില്ല എന്ന തർക്കത്തിൽ ഈ പള്ളിയുടെ കേസ് മുമ്പ് തള്ളിയിരുന്നു. എന്നാൽ അപ്രകാരമുള്ള വാദം നിലനിൽക്കില്ല എന്ന് കണ്ട് ഹൈക്കോടതിയും ഇപ്പോൾ സബ് കോടതിയും വിധി പ്രഖ്യാപിക്കുകയായിരുന്നു. വിഘടിത വിഭാഗം ഉന്നയിച്ച എല്ലാ വാദവും തള്ളി കോടതി ചിലവ് ഉൾപ്പെടെ ഓർത്തഡോക്സ് സഭയ്ക്ക് നൽകാനും വിധിയായി.

ഇതോടെ 1934 ഭരണഘടനപ്രകാരം കണ്ടനാട് ഈസ്റ്റ് മെത്രാപ്പോലീത്തായുടെ കല്പനപ്രകാരമല്ലാതെ ഭരണം നടത്തുന്ന വിഘടിത വിഭാഗത്തിന് ശാശ്വത നിരോധനം നിലവിൽ വന്നിരിക്കുകയാണ്. ഓർത്തഡോക്സ് സഭക്ക് വേണ്ടി അഡ്വ. തോമസ് അധികാരവും നിയമാനുസൃത വികാരിക്ക് വേണ്ടി അഡ്വ. സജി മാത്യുവും ഹാജരായി.



കോട്ടയം ഭദ്രാസനത്തിലെ പാച്ചിറ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ കൽകുരിശു പ്രതിഷ്ഠയ്ക്ക് ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ മുഖ്യകാർമികത്വം വഹിച്ചു.



കൊട്ടാരക്കര-പുനലൂർ ഭദ്രാസനം ജനപ്രതിനിധികളെ ആദരിച്ചു

പുനലൂർ: നഗരസഭ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുപ്പുകളിൽ വിജയിച്ച കൊട്ടാരക്കര-പുനലൂർ ഭദ്രാസനത്തിലെ ഇടവകാംഗങ്ങളായ 13 ജനപ്രതിനിധികളെയും, കൊട്ടാരക്കര നഗരസഭ ചെയർമാൻ കെ ഷാജു, പുനലൂർ നഗരസഭ ചെയർപേഴ്സണൺ നിമ്മി എബ്രഹാം എന്നിവരെയും ഭദ്രാസന മെത്രാപ്പോലീത്ത ഡോ. യുഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്ത ഭദ്രാസന ആസ്ഥാനമായ പുനലൂർ ഗ്രീഗോറിയൻ അരമനയിൽ നടന്ന ചടങ്ങിൽ പൊന്നാട അണിയിച്ചു ആദരിച്ചു. ഭദ്രാസന സെക്രട്ടറി ഫാ സി. ഡി. രാജൻ നല്ലില്ല, ഫാ മാർക്കോസ് ജോർജ്, ഫാ സ്പെൻസർ കോശി എന്നിവർ പ്രസംഗിച്ചു. കോവിഡ് പ്രോട്ടോകോൾ അനുസരിച്ചു നടന്ന ചടങ്ങിൽ ഭദ്രാസന കൗൺസിൽ അംഗങ്ങൾ, സഭ മാനേജിങ് കമ്മിറ്റി അംഗങ്ങൾ, വൈദികർ എന്നിവർ പങ്കെടുത്തു.



കോട്ടയം മെത്രാസനത്തിലെ ഗ്രൂപ്പ് തിരിച്ചുള്ള പ്രതിഷേധയോഗങ്ങളുടെ ആദ്യ യോഗം മുണ്ടക്കയം പൈങ്ങനാ സെന്റ് തോമസ് പള്ളിയിൽ നടന്നു.



തുമ്പമൺ ഭദ്രാസന പ്രതിഷേധയോഗം

പത്തനംതിട്ട: കുര്യാക്കോസ് മാർ ക്ലീമിസിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ എബ്രഹാം മാർ സെറാഫിം മുഖ്യപ്രഭാഷണം നടത്തി. അഡ്വക്കേറ്റ് മാത്യൂസ് മാടത്തെത്ത് വിഷയാവതരണം നടത്തി. ഭദ്രാസന സെക്രട്ടറി ഫാ. ടൈറ്റസ് ജോർജ്, ഫാ. കെ ജി മാത്യു, ഫാ. ചെറിയൻ ടി. ശമുവേൽ, ഫാ. തോമസ് ജോൺസൺ കോർഎപ്പിസ്കോപ്പ, ഫാ. കെ. വി. പോൾ, റെജി മാത്യു മൈലപ്ര, പ്രൊഫസർ ജോർജ് വർഗീസ് കൊപ്പാറ, അലക്സ് കെ പോൾ, ബാബുജി ഈശോ, എബ്രഹാം ജോർജ്, റ്റിജു വർഗീസ് ദാനിയേൽ, പി. കെ. തോമസ്, ബാബു വർഗീസ് എന്നിവർ പ്രസംഗിച്ചു. ഫാ. റോയ് പി തോമസ് പ്രമേയം അവതരിപ്പിച്ചു. കെ. വി. ജേക്കബ് പിന്താങ്ങി. കർഷക പ്രക്ഷോഭത്തെ പിന്തുണച്ചുകൊണ്ടുള്ള പ്രമേയം ഫാദർ വർഗീസ് കളീക്കൽ അവതരിപ്പിച്ചത് യോഗം അംഗീകരിച്ചു. ഭദ്രാസനത്തിലെ ആത്മീയ പ്രസ്ഥാനങ്ങൾക്ക് നേതൃത്വം നൽകിയ കെ. ജി. ജോയിക്കുട്ടിയുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി.



കുറിച്ചി സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളിയുടെ നേതൃത്വത്തിൽ കുറിച്ചി ചെറിയപള്ളിയുടെ അങ്കണത്തിൽ നടന്ന പ്രതിഷേധ സമ്മേളനം. ഇടവക വികാരി ഫാ. ഇട്ടി തോമസ് കാട്ടാമ്പാക്കൽ, ഫാ. ഗീവർഗീസ് ജേക്കബ്, മൈലയ്ക്കാപള്ളി, കെ. ജെ. കുറിയാക്കോസ്, കെ. സി. ചാക്കോ എന്നിവർ നേതൃത്വം നൽകി.

കണ്ടനാട് പള്ളി: ഹർജി പള്ളികോടതി തള്ളി

കൊച്ചി: കണ്ടനാട് സെന്റ് മേരീസ് പള്ളിയിൽ സുപ്രീംകോടതി വിധി വരും മുൻപേ നടന്നതുപോലെ റിസീവർ ഭരണം തുടരണമെന്നും റിസീവറിനെ വെച്ചു തിരഞ്ഞെടുപ്പ് നടത്തണമെന്നും ആവശ്യപ്പെട്ടു വിഘടിത വിഭാഗം നൽകിയ ഹർജി പള്ളികോടതി തള്ളി.

ഭരണഘടനാപരമായി സുപ്രീംകോടതി വിധി അനുസരിച്ചു നടപടി ക്രമങ്ങൾ പൂർത്തീകരിച്ചത് റിസീവർ കോടതിയിൽ അറിയിച്ചത് കോടതി അംഗീകരിക്കുകയും ചെയ്തു.



ജനപ്രതിനിധികളെ ആദരിച്ചു

തിരുവനന്തപുരം: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ തിരുവനന്തപുരം ഭദ്രാസനത്തിലെ വിവിധ ഇടവകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെ 2021 ജനുവരി 12-ന് ഇടമുളക്കൽ വി.എം.ഡി.എം. സെന്ററിൽ വച്ചു നടന്ന വൈദികയോഗത്തിൽ ഭദ്രാസന മെത്രാപ്പോലീത്ത ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് ആദരിച്ച് മലങ്കരസഭയുടെ അനുമോദനങ്ങൾ അർപ്പിച്ചു. ഭദ്രാസന സെക്രട്ടറി ഫാ. പി. ജി. ജോസ് സ്വാഗതം ആശംസിച്ചു.



സുപ്രീം കോടതി വിധി നടപ്പാക്കാതിരിക്കുന്നതിനുള്ള ശ്രമങ്ങൾക്കെതിരെയും മലങ്കര ഓർത്തഡോക്സ് സഭയോടുള്ള നീതി നിഷേധത്തിനെതിരെയും അരീപ്പറമ്പ് സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ വെച്ച് നടത്തപ്പെട്ട പ്രതിഷേധയോഗത്തിൽ ഡോ. എം. കുര്യൻ തോമസ് മുഖ്യ പ്രഭാഷണം നടത്തി. പള്ളി മാനേജിംഗ് കമ്മറ്റി അംഗങ്ങൾ, അസോസിയേഷൻ പ്രതിനിധികൾ, ആദ്ധ്യാത്മിക സംഘടനാ പ്രതിനിധികൾ എന്നിവർ സംബന്ധിച്ചു.



ചെങ്ങന്നൂർ ഭദ്രാസന മാർ ഗ്രീഗോറിയോസ് ഓർത്തോഡോക്സ് ക്രൈസ്തവ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ 'കനിവ്' ജീവകാരുണ്യ പദ്ധതിയുടെ ഒന്നാം ഘട്ടം നടത്തപ്പെട്ടു. ചെങ്ങന്നൂർ ഭദ്രാസനത്തിൽപ്പെട്ട ഒരു കുടുംബത്തിലെ ക്യാൻസർ രോഗിക്ക്, ആദ്യ ഘട്ടം എന്ന നിലയിൽ സഹായസ്തമായി നൽകാൻ വിദ്യാർത്ഥി പ്രസ്ഥാനം സമാഹരിച്ച 92,000 രൂപ ഭദ്രാസന സഹായ മെത്രാപ്പൊലിത്ത ഡോ. മാത്യൂസ് മാർ തീമോത്തിയോസിന് കൈമാറി. മെത്രാപ്പൊലിത്താ ആ തുക കുടുംബത്തിന് നൽകി.



ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് രചിച്ച 'രൂപാന്തരത്തിലേയ്ക്ക്' എന്ന ഗ്രന്ഥം ജനുവരി 12-നു ഇടമുളക്കൽ വി.എം.ഡി.എം. സെന്ററിൽ വച്ചു നടന്ന വൈദിക യോഗത്തിൽ വച്ചു ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ, തോമസ് റ്റി. വർഗീസ് കോർ എപ്പിസ്കോപ്പാ, ഫാ. ഡോ. ജോസഫ് സാമുവേൽ കറുകയിൽ കോർഎപ്പിസ്കോപ്പാ, ഫാ. പി. ജി. ജോസ്, ഫാ. സാം തോമസ്, ഫാ. വർഗീസ് റ്റി. വർഗീസ് എന്നിവർക്ക് നൽകി പ്രകാശനം ചെയ്തു.



മലങ്കര ഓർത്തഡോക്സ് സഭയുടെ ബ്രഹ്മവാർ ഭദ്രാസനത്തിനു വേണ്ടി പുതുതായി പണി കഴിപ്പിച്ച ആസ്ഥാന മന്ദിരവും ചാപ്പലും.



ഡോ. ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്താ ലത്തീൻ സഭയുടെ ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യത്തെ തിരുവനന്തപുരം ആർച്ച് ബിഷപ്പ് ഹൗസിൽ സന്ദർശിച്ചു.

കാർഷിക മേഖലയെ തകർക്കുന്ന കർഷക വിരുദ്ധ നിയമം പിൻവലിക്കണം: ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്

തിരുവനന്തപുരം: ഭാരതത്തിന്റെ സംസ്കാരം കാർഷിക സംസ്കാരമാണ്. ഭാരതത്തിന്റെ ജീവൻ കർഷകരിലാണ്. കാർഷിക മേഖലയെ തകർക്കുന്ന കർഷക വിരുദ്ധ നിയമം കേന്ദ്ര സർക്കാർ പിൻവലിക്കണമെന്ന് തിരുവനന്തപുരം ഭദ്രാസന മെത്രാപ്പോലീത്ത ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് ആവശ്യപ്പെട്ടു.

വിചാരം നഷ്ടപ്പെട്ട വാർത്തകളിലൂന്നിയ ആധുനിക മാധ്യമ സംസ്കാരം അപകടത്തിലേക്ക് നയിക്കുന്നു. സത്യത്തെ തമസ്കരിച്ചുകൊണ്ടുള്ള സത്യത്തിന്റെ പ്രതീതി നിർമ്മാണമാണ് ഇന്ന് മാധ്യമങ്ങളിലൂടെ നടക്കുന്നത്. യഥാർത്ഥത്തിൽ സത്യത്തിനു അസത്യം പകരം വയ്ക്കുക മാത്രമാണ് മാധ്യമങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. ഇതിനു ഇരകളാകാതെ നാം ജാഗരൂകരാകണമെന്നും മെത്രാപ്പോലീത്താ ഇടമുളക്കൽ വി.എം.ഡി.എം. സെന്ററിൽ വച്ചു നടന്ന തിരുവനന്തപുരം ഭദ്രാസന വൈദിക സംഗമത്തെ അഭിസംബോധന ചെയ്തുകൊണ്ട് ആഹ്വാനം ചെയ്തു.



മണ്ണിൽ അദ്ധ്വാനിക്കുന്ന കർഷകനെ കരുതേണ്ടത് ഓരോ പൗരന്റെയും കടമ: അലക്സിയോസ് മാർ യൗസേബിയോസ്

തിരുവല്ല: ഭാരതത്തിന്റെ മനഃസാക്ഷി കർഷകരോടൊപ്പമാണെന്നും കർഷകർ തള്ളിയ ബില്ല് ഉപേക്ഷിക്കുവാൻ കേന്ദ്ര സർക്കാർ തയ്യറാകണമെന്നും അലക്സിയോസ് മാർ യൗസേബിയോസ് അഭിപ്രായപ്പെട്ടു. ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം കേന്ദ്ര സമിതിയുടെ നേതൃത്വത്തിൽ നടന്ന കർഷക ഐക്യദാർഢ്യ ജ്വാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മണ്ണിൽ അദ്ധ്വാനിക്കുന്ന ഓരോ കർഷകനെയും കരുതേണ്ടത് ജനാധിപത്യ ബോധമുള്ള ഓരോ പൗരന്റെയും കടമയാണെന്നും അദ്ദേഹം പറഞ്ഞു. യുവജനപ്രസ്ഥാനം കേന്ദ്ര പ്രസിഡന്റ് ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് അദ്ധ്യക്ഷത വഹിച്ചു.



തൃശ്ശൂർ ഭദ്രാസനത്തിൽപെട്ട മരോട്ടിച്ചാൽ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയുടെ താക്കോൽ നിയമാനുസൃത വികാരി ഏറ്റുവാങ്ങുന്നു.



ജ്യോതിസ് ആശ്രമത്തിൽ ഗജ പ്രണാമം

അബു റോഡ്: വിവിധ ആരാധനാലയങ്ങൾ സന്ദർശിച്ച് ദേശാടനം നടത്തുന്ന സ്വാമിമാർ മലങ്കര ഓർത്തഡോക്സ് സഭയുടെ പ. പുലിക്കോട്ടിൽ ഒന്നാമൻ മലങ്കര മെത്രാപ്പോലീത്തായുടെ നാമധേയത്തിൽ സ്ഥാപിക്കപ്പെട്ട പ്രഥമ ആശ്രമമായ രാജസ്ഥാനിലെ ജ്യോതിസ് ആശ്രമത്തിൽ എത്തി. ആശ്രമ ആചാര്യനായ ഫീലിപ്പോസ് റമ്പാനിൽ നിന്ന് അനുഗ്രഹാശിസ്സുകൾ ഏറ്റുവാങ്ങി. തീർത്ഥാടക സംഘത്തോടൊപ്പം ലക്ഷ്മി എന്ന ആനയും ഉണ്ടായിരുന്നു. ലക്ഷ്മി തുമ്പിക്കൈ ഉയർത്തി വന്ദിച്ചു. റമ്പാന്റെ കയ്യിൽ നിന്നും ദക്ഷിണ വാങ്ങിയാണ് തീർത്ഥാടക സംഘം മടങ്ങിയത്. തീർത്ഥയാത്രക്കിടെ ഒരു ആശ്രമം ഉണ്ടെന്ന് അറിയുകയും അവിടെ സന്ദർശനം നടത്തുകയുമായിരുന്നു. ഡോ.ഗീവർഗ്ഗീസ് മാർ യൂലിയോസ് തിരുമനസ്സ് സ്ഥാപിച്ച ആശ്രമം പ. ബസ്സേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ കാതോലിക്കാ ബാവായാണ് കൂദാശ ചെയ്തത്. റിട്രീറ്റ് സെന്ററായും ആശ്രമം പ്രവർത്തിച്ചു വരുന്നു.



ചെറായി സെന്റ് മേരീസ് വലിയ പള്ളി പെരുന്നാൾ ശുശ്രൂഷകൾക്ക് വികാരി ഫാ. പ്രിൻസ് മാത്യു, അയ്യമ്പിള്ളി സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളി വികാരി ഫാ. സാംസൺ എന്നിവർ കാർമ്മികത്വം വഹിച്ചു.

മിൽമ സംസ്ഥാന ഡയറക്ടർ ബോർഡ് അംഗമായി അഡ്വ. ജോണി ജോസഫ് തിരഞ്ഞെടുക്കപ്പെട്ടു. നിലവിൽ എറണാകുളം മിൽമ മേഖലാ യൂണിയൻ ഭരണ സമിതി അംഗമാണ്. പ്രമുഖ ക്ഷീര കർഷകനും പനച്ചിക്കാട് അഗ്രികൾച്ചറൽ ഇപ്രൂവ്മെന്റ് സഹകരണ ബാങ്ക് പ്രസിഡന്റുമാണ്. കുഴിമറ്റം സെന്റ് ജോർജ് പള്ളി ഇടവകാംഗം.



അമേരിക്കയിലെ സെൻട്രൽ മിഷിഗൺ യൂണിവേഴ്സിറ്റിയിൽ നിന്ന് ഹെൽത്ത് കെയർ മാനേജ്മെന്റിൽ ഡോക്ടറേറ്റ് നേടിയ ഫിലിപ്പ് ഈപ്പൻ. കരവൂർ സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളി ആണ് മാതൃഇടവക.





ലിസ്സ ജോസ് (അമ്മിപ്പിള്ളി മാലിൽ) പൂന യൂണിവേഴ്സിറ്റിയിൽ നിന്നും ക്ലിനിക്കൽ സൈക്കോളജിയിൽ മാസ്റ്റേഴ്സ് ഡിഗ്രിയിൽ ഒന്നാം റാങ്ക് ലഭിച്ചു. കുന്നക്കുരുടി സെന്റ് ജോർജ്ജ് കത്തീഡ്രലിലെ ജോസ് ഐസക്ക് അച്ചന്റെ മകളാണ്.



കുന്നംകുളം ഭദ്രാസനത്തിലെ കോട്ടപ്പടി സെന്റ് ജോർജ് പള്ളിയിൽ ഫാ. സി. ടി. ജോസ് സ്മാരക കാരുണ്യനിധി സമർപ്പണം കുന്നംകുളം മലങ്കര മെഡിക്കൽ മിഷൻ ആശുപത്രി സെക്രട്ടറി ജിന്നി കുരുവിളക്ക് പള്ളി പെരുന്നാൾ ദിവസം കൈമാറി.